# Holy Voice
## Parish Bullettin

# ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല
ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 16 ഒക്ടോബർ 2014

**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924


**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

പേജുകളിലൂടെ...

| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ജപമാല മാസാചരണവും<br>മിഷൻ ഞായർ ആഘോഷവും | 4 |
| ഇടയശബ്ദം | 5 |
| സഭാവാർത്തകൾ | 8 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 11 |
| ജാലകത്തിലൂടെ | 15 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 16 |
| ബാലപംക്തി | 18 |
| പിന്നിട്ടലോകം | 27 |
| ആരോഗ്യചിന്തകൾ | 28 |
| ജനറൽ മെഡിക്കൽ ക്യാമ്പ് | 29 |
| ജപമാല വരദാനങ്ങളുടെ നിറമാല | 31 |
| മെയ്ഡ് ഫോർ ഈച്ച് അദർ | 34 |
| പ്രവേശനോത്സവം, മതബോധനം | 37 |
| ക്വിസ് മത്സരം | 39 |
| കളറിംഗ് മത്സരം | 41 |
| നിങ്ങൾക്കറിയാമോ? | 43 |
| ബൈബിൾ കലണ്ടർ | 44 |



# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

ഒക്ടോബർ 2014

| തിയ്യതി | ഇടവക ഡയറി - ഒക്ടോബർ 2014 | സമയം |
|---|---|---|
| 01 | ജപമാല മാസാചരണം ആരംഭം<br>കാവൽ മാലാഖയുടെ തിരുനാൾ<br>വി. കൊച്ചുത്രേസ്യയുടെ തിരുനാൾ<br>ദമ്പതിധ്യാനം 3-ാം ദിവസം | |
| 02 | ദമ്പതി ധ്യാനം നാലാം ദിവസം - സമാപനം | |
| 03 | മാസാദ്യവെള്ളി - വെള്ളിയാഴ്ച ആചരണം | |
| 04 | വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാൾ | |
| 05 | ഏലിയ - സ്ലീവ- മൂശക്കാലം 5-ാം ഞായർ<br>കുടുംബകൂട്ടായ്മ ജനറൽ ബോഡി യോഗം | 8.00 a.m |
| 07 | ജപമാല രാജ്ഞിയുടെ തിരുനാൾ | |
| 10 | വെള്ളിയാഴ്ച ആചരണം | |
| 11 | അൾത്താരസംഘം മീറ്റിംഗ്<br>മാതൃസംഘം മീറ്റിംഗ് | 8.00 a.m<br>3.00 p.m |
| 12 | ഏലിയ - സ്ലീവ- മൂശക്കാലം 6-ാം ഞായർ<br>പ്രതിനിധിയോഗം | 8.00 a.m. |
| 17 | വെള്ളിയാഴ്ച ആചരണം | |
| 19 | ഏലിയ - സ്ലീവ- മൂശക്കാലം 7-ാം ഞായർ<br>"മാർഗ്" ജനറൽ ബോഡിയോഗം | 8.00 a.m. |
| 20 | ആഘോഷമായ ജപമാല ആരംഭം | |
| 24 | വെള്ളിയാഴ്ച ആചരണം | |
| 26 | ഏലിയ - സ്ലീവ- മൂശക്കാലം 8-ാം ഞായർ<br>ഫ്രാൻസിസ്ക്കൻ അൽമായ സമൂഹം മീറ്റിംഗ് | 8.00 a.m. |
| 30 | ജപമാല റാലി | |
| 31 | വെള്ളിയാഴ്ച ആചരണം | |

**ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ**

## വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | |
|---|---|
| 3-10-2014 | പാലിയേക്കര റാഫേൽ സിറിൾ, ഒല്ലൂർ |
| 10-10-2014 | കാഞ്ഞിരക്കാടൻ വർഗീസ് സാമുവേൽ |
| 17-10-2014 | കാഞ്ഞിരക്കാടൻ വർക്കി ഭാര്യ ആനി |
| 24-10-2014 | കുമ്പാട്ട് ജോസഫ് ക്രിസ്റ്റീവ്, ബാംഗ്ലൂർ |
| 31-10-2014 | ചക്കാലക്കൽ ഫെലിക്സ് ബേബി |

# എഡിറ്റോറിയൽ



വിശുദ്ധ കുരിശ് ഓരോ ക്രൈസ്തവനും എന്താണെന്നും എന്തായിരിക്കണമെന്നുമുള്ള ചിന്ത നമുക്കോരോരുത്തർക്കും പകർന്നു നൽകി കുരിശുമുത്തപ്പന്റെ ഒരു തിരുനാൾ കൂടി കടന്നുപോയി. തിരുനാൾ ഏറ്റവും ഭംഗിയായി സമാപിച്ചതിൽ കുരിശുമുത്തപ്പനോട് നമുക്ക് നന്ദി പറയാം. നവനാൾ തിരുകർമ്മങ്ങളിൽ വർദ്ധിച്ചതോതിലുള്ള ഭക്തജന പങ്കാളിത്തം ദൃശ്യമായിരുന്നു. ഇത്രയധികം ജനങ്ങൾ സംബന്ധിച്ച ഒരു തിരുനാൾ ഓർമ്മയിലില്ലെന്ന് ചില പഴമക്കാർ പറയുകയുണ്ടായി. മാപ്രാണം കുരിശുമുത്തപ്പന്റെ സന്നിധിയിലേക്ക് വിശ്വാസികൾ പ്രവഹിക്കുന്ന ഒരു കാലം വിദൂരമല്ല എന്നതിന്റെ സൂചനയാണ് ഈ വർഷത്തെ തിരുനാളിലെ ഭക്തജന പങ്കാളിത്തം. ഇത്തരുണത്തിൽ നമ്മുടെ ദൈവാലയത്തിലെ തനതായ വെള്ളിയാഴ്ച ആചരണം നമ്മുടെ ചിന്തയ്ക്ക് വിഷയീഭവിക്കേണ്ടതുണ്ട്. ഈ ദിനത്തിലെ തിരുക്കർമ്മങ്ങളിലെ പങ്കാളിത്തത്തിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളും സന്തോഷവും സമാധാനവും നമുക്കല്ലേ ആദ്യം ബോധ്യമാകേണ്ടത്? നമ്മുടെ ബോധ്യം ക്രമേണ ഇടവകയ്ക്ക് പുറത്തുള്ള വിശ്വാസികളിലേക്കും പടരുമ്പോൾ രൂപത തീർത്ഥാടന കേന്ദ്രമായ നമ്മുടെ പള്ളി കൂടുതൽ കൂടുതലായി തീർത്ഥാടക മനസ്സുകളിൽ ഇടം പിടിക്കുമെന്ന് തീർച്ചയാണ്.

ഒക്ടോബർമാസം ജപമാലയുടെ മാസമാണ്. കൊന്തയുടെ തണലിൽ അഭയം തേടാനും ആശ്വാസം കണ്ടെത്താനും നമ്മെ പ്രാപ്തരാക്കുന്ന മാസം. ദൈവമാതാവിന്റെ ദൈവീകത്വത്തെ മറയില്ലാതെ ഏറ്റുപറയുവാനും പരിശുദ്ധ അമ്മയുടെ സ്നേഹകാരുണ്യം അനുഭവിക്കുവാനും അതിനൊത്ത വിധത്തിൽ നമ്മുടെ ജീവിതത്തെ പാകപ്പെടുത്തുവാനും ജപമാല ആചരണം നമ്മെ സഹായിക്കുന്നു. ജീവിതത്തിലെ സഹനങ്ങളിലും പരാജയങ്ങളിലും നിരാശരായി ദൈവത്തിൽ കുറ്റം കണ്ടെത്തുകയും അവയിൽനിന്നും ഒളിച്ചോടാൻ മദ്യത്തിലും മയക്കുമരുന്നിലും അഭയം കണ്ടെത്തുകയുമാണ് ചിലർ. ഈ ശീലം നമ്മേയും നമ്മുടെ കുടുംബത്തെയും നശിപ്പിക്കുന്നതോടൊപ്പം സമൂഹത്തിലും നാശം വിതയ്ക്കുകയാണ് എന്ന സത്യം നാം തിരിച്ചറിയേണ്ടതുണ്ട്. ഒരു തെറ്റും ചെയ്യാതിരുന്നിട്ടും തന്റെ പുത്രൻ കൊടും പീഡനങ്ങളേറ്റ്, കുരിശിൽ പിടയുമ്പോൾ പരിശുദ്ധ അമ്മ അനുഭവിച്ച സഹനത്തിന്റെ അടുത്തെത്തുമോ നമ്മുടെ സഹനങ്ങൾ? ഉത്തരം നാം തന്നെ കണ്ടെത്തേണ്ടതുണ്ട്. ജീവിത പ്രതിസന്ധികളിൽ തളരാതിരിക്കാൻ പ. അമ്മയുടെ ഉപവിയുടെ മാർഗ്ഗം സ്വീകരിക്കുന്നതിനുള്ള ആർജ്ജവവും ഇച്ഛാശക്തിയും ലഭിക്കുന്നതിന് 2014ലെ ജപമാല മാസത്തിനാകട്ടെയെന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)

# ജപമാല മാസാചരണവും മിഷൻ ഞായർ ആഘോഷവും

**ഒക്ടോബർ 1 മുതൽ 18 വരെ കുടുംബ കൂട്ടായ്മകളിൽ ജപമാല പ്രാർത്ഥന പത്തോ പതിനഞ്ചോ വീടുകളായി വിഭജിച്ചു നടത്തണം.**

**ഒക്ടോബർ 19 ഞായർ - മൂന്ന് മേഖലകളിൽ ജപമാല റാലി**

| | | |
|---|---|---|
| I | സെന്റ് ആന്റണീസ്, ഇൻഫന്റ് ജീസസ്, സെന്റ് ജോസഫ്, ഹോളിക്രോസ് | ഉണ്ണിമിശിഹാ കപ്പേളയിലേക്ക് : 7.15 p.m. |
| II | സെന്റ് സെബാസ്റ്റ്യൻ, സെന്റ് ഗീവർഗീസ്, സെന്റ് ജോർജ്ജ്, സെന്റ് ജോൺ I, സെന്റ് ജോൺ II | സെന്റ് ജോൺ കപ്പേളയിലേക്ക് : 7.30 p.m. |
| III | സെന്റ് മേരീസ് I, സെന്റ് മേരീസ് II, സെന്റ് അൽഫോൺസ, സെന്റ് റോസ്, സെന്റ് സേവ്യർ, വാ. മദർ തെരേസ | പള്ളി ഗ്രോട്ടോയിലേക്ക് :7.45 p.m. |

**ഒക്ടോബർ 20-29**

**പള്ളിയിൽ ആഘോഷമായ ജപമാല പ്രാർത്ഥനയും ആരാധനയും**
**5.30 p.m. : വി. കുർബാന, തുടർന്ന് ആരാധനയും ജപമാലയും**

ഒക്ടോബർ 26 ഞായർ : 6.00 a.m. ആരാധന, ജപമാല, വി. കുർബ്ബാന

ഒക്ടോബർ 29 വെള്ളി : 4.00 p.m. വി. കുർബ്ബാന, സ്ലീവാപാത, കപ്പേളയിൽ വി. കുരിശിന്റെ നൊവേന, തുടർന്ന് പള്ളിയിലേക്കു ജപമാല പ്രദക്ഷിണം, ആരാധന

ഒക്ടോബർ 30 വ്യാഴം : 5.00 p.m. വി. കുർബ്ബാന, തുടർന്ന് ജപമാല റാലി

**NB: ഒക്ടോബർ 1 മുതൽ 31 വരെ രാവിലെ 5.45ന് പ്രഭാത പ്രാർത്ഥന, ജപമാല പ്രാർത്ഥന, തുടർന്ന് വി. കുർബ്ബാന**

**ആഘോഷമായ ജപമാല പ്രാർത്ഥനയ്ക്കു നേതൃത്വം കൊടുക്കുന്നവർ**

20-10-2014 - സി.എൽ.സി + മാതൃസംഘം
21-10-2014 - സെന്റ് ആന്റണീസ് + ഇൻഫന്റ് ജീസസ്
22-10-2014 - സെന്റ് ജോസഫ് + ഹോളിക്രോസ്
23-10-2014 - സെന്റ് സെബാസ്റ്റ്യൻ + സെന്റ് ഗീവർഗീസ്
24-10-2014 - സെന്റ് റോസ് + സെന്റ് അൽഫോൺസ
25-10-2014 - സെന്റ് ജോർജ്ജ് + അൾത്താരസംഘം
26-10-2014 - വാ. മദർതെരേസ + ഗായകസംഘം
27-10-2014 - സെന്റ് ജോൺ I + സെന്റ് ജോൺ II
28-10-2014 - സെന്റ് സേവ്യർ + ഫ്രാൻസിസ്കൻ അൽമായസംഘം
29-10-2014 - സെന്റ് മേരീസ് I + സെന്റ് മേരീസ് II
30-10-2014 - ജപമാല റാലി - കുടുംബകൂട്ടായ്മ കേന്ദ്രസമിതി

തുടർച്ച പേജ് 7ൽ




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേക മായ മാദ്ധ്യസ്ഥം തേടി ജപമാല പ്രാർത്ഥനയിലൂടെ യേശുവിന്റെ രക്ഷാകര ജീവിതാനുഭവങ്ങൾ ധ്യാനിച്ച് സ്വന്തമാക്കുവാനും അവിടുത്തെ അനുഗ്രഹത്തിന്റെ സാക്ഷികളായി ജീവിക്കുവാനും, മാമ്മോദീസായിലൂടെ നമുക്ക് ലഭിച്ച വലിയ കൃപയായ ദൈവമക്കളുടെ പദവിയിൽ മറ്റുള്ളവർക്ക് മാർഗ്ഗദീപങ്ങളായി ജീവിച്ച് മാതൃകയാകുവാനും, അവിടുത്തെ പ്രത്യേക വിളി സ്വീകരിച്ച് ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങളിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നവരെ ഓർത്തു പ്രാർത്ഥിക്കുവാനും സഹായിക്കാനുമുള്ള മിഷൻ ഞായർ ഉൾപ്പെടുന്ന ഒക്ടോബർ മാസത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതത്തിന്റെ വിശുദ്ധിയും ധന്യതയും വെളിപ്പെടുന്നതാണ് "നന്മനിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥന. ഒപ്പംതന്നെ നമുക്കുവേണ്ടി പരിശുദ്ധ അമ്മയോട് മാദ്ധ്യസ്ഥം വഹിക്കുവാനായി പ്രാർത്ഥിക്കുന്നു. ആവർത്തിച്ചാവർത്തിച്ചു ചൊല്ലുന്ന മനോഹരമായ ഈ പ്രാർത്ഥനയിലൂടെ നമുക്കും അമ്മയേപ്പോലെ വിശുദ്ധിയിൽ വളരുവാൻ അനുഗ്രഹം ലഭിക്കുന്നു. ജപമാല പ്രാർത്ഥനയിലൂടെ നമ്മുടെ കർത്താവീശോമിശിഹായുടെ ജീവിതം മുഴുവൻ നമ്മുടെ മുന്നിൽ അനാവരണം ചെയ്യപ്പെടുകയാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെ സാര സംഗ്രഹമാണ് ജപമാല രഹസ്യങ്ങൾ. വിശുദ്ധ കുർബ്ബാന കഴിഞ്ഞാൽ ജപമാല പ്രാർത്ഥനയാണ് സർവ്വസാധാരണമായ നമ്മുടെ ഏറ്റവും പ്രധാന പ്രാർത്ഥന. നമ്മുടെ കുടുംബങ്ങൾ ഇനിയും പ്രാർത്ഥനയിൽ ആഴപ്പെടേണ്ടതുണ്ട്. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബമാണ് ഒരുമയിൽ ജീവിക്കുന്നത്. പ്രാർത്ഥി

ക്കുന്ന കുടുംബമാണ് സ്നേഹത്തിന്റെ കൂട്ടായ്മയിൽ വളരുന്ന കുടുംബം. പ്രാർത്ഥനയില്ലാത്ത കുടുംബങ്ങൾ പലതും അപകടകരമായ അവസ്ഥയിലാണ് കഴിയുന്നതും. പ്രാർത്ഥനയിൽ വളർന്ന് വിശ്വാസത്തിൽ ആഴപ്പെട്ട കുടുംബങ്ങളാകുവാൻ നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. അതിനായി ഈ മാസത്തിൽ നടത്തപ്പെടുന്ന എല്ലാ ആത്മീയ ശുശ്രൂഷകളിലും നമുക്കു പങ്കുചേരാം. കുടുംബങ്ങളിലെ പ്രാർത്ഥനകൾ കൂടുതൽ ചൈതന്യവത്താകണം. കുടുംബകൂട്ടായ്മകളിൽ ചെറിയ സമൂഹമായി പ്രാർത്ഥിക്കുന്നതിന് സമയം കണ്ടെത്തണം. ദൈവാലയത്തിൽ 10 ദിവസങ്ങളിൽ ആഘോഷമായി നടത്തപ്പെടുന്ന ആരാധനയിലും ജപമാലയിലും എല്ലാവരും പങ്കെടുക്കണം. പ്രത്യേകിച്ചും നിശ്ചയിക്കപ്പെട്ട കുടുംബ കൂട്ടായ്മകളിലെ മുഴുവൻ കുടുംബങ്ങളും, നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ത്യാഗപൂർവ്വം പങ്കെടുക്കണം. അങ്ങിനെ നമ്മുടെ കുടുംബങ്ങളും ഇടവകയും കൂടുതൽ അനുഗ്രഹീതമാകണം.

ഒക്ടോബർ 19നാണ് ഈ വർഷത്തെ മിഷൻ ഞായർ. നമ്മൾ എല്ലാവരും ക്രിസ്തുനാഥന്റെ മിഷനറിമാരാണ്. മറ്റുള്ളവർക്ക് നന്മയുടെ മാതൃകകളാകുവാൻ തെരഞ്ഞെടുക്കപ്പെട്ടവർ. ഉത്തമമായ ക്രൈസ്തവസാക്ഷ്യത്തിലൂടെ അപ്രകാരമൊരു ചൈതന്യത്തിലേക്ക് നമ്മൾ എത്തിയോ എന്ന് ചിന്തിക്കുവാനുള്ള അവസരവും കൂടിയാണിത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തങ്ങളെതന്നെ പരിപൂർണ്ണമായി സമർപ്പിച്ചിരിക്കുന്ന മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കാനും, മിഷൻ പ്രവർത്തനങ്ങളിൽ സാമ്പത്തികമായി സഹായിക്കുവാനും നാം തയ്യാറാകണം. പ്രാർത്ഥനയിലൂടെയും, ഉൽപ്പന്നപിരിവുകൾ നടത്തി ലേലത്തിൽ പങ്കുകൊണ്ടും, നമ്മുടെ വ്യക്തിപരമായ സംഭാവനകൾ നൽകിയും ഈ ദൗത്യത്തിൽ നമുക്ക് പങ്കാളികളാകാം. അങ്ങനെ സാർവ്വത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ നമുക്ക് പങ്കുചേരാം.

സെപ്തംബർ 5 മുതൽ 21 വരെയുള്ള തിയ്യതികളിൽ നമ്മൾ നമ്മുടെ തിരുനാൾ ദിവസങ്ങളിലായിരുന്നുവല്ലൊ. വിശുദ്ധകുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ കുരിശുമുത്തപ്പന്റെ തിരുനാളായി ആഘോഷിച്ച് കുരിശിന്റെ അഭിഷേകം സ്വീകരിച്ച് അനുഗ്രഹീതരാകുവാനും ധന്യമായ ഒരു സമൂഹമായിത്തീരുവാനും സാധിച്ച

തിൽ നമുക്കു ദൈവത്തിന് നന്ദിപറയാം.

ഈ വർഷം മുതൽ നമ്മൾ ആരംഭിച്ച നവവാരാചരണ ശുശ്രൂഷയിലും നവനാൾ ദിനങ്ങളിലെ വിശുദ്ധ കുർബ്ബാനയിലും പ്രദക്ഷിണത്തിലും നൊവേനയിലും പങ്കുചേർന്ന് കുരിശിന്റെ രക്ഷാകര ചൈതന്യം ഉൾക്കൊണ്ട് കൂടുതൽ ആനുഗ്രഹീതരാകുവാൻ നമുക്കു സാധിച്ചുവല്ലോ. രൂപത തീർത്ഥാടന കേന്ദ്രവും കൂടിയായ നമ്മുടെ ഇടവകദൈവാലയത്തിലെ തിരുനാളിലേക്ക് തീർത്ഥാടകരായി അനേകം പേർ വന്ന് അനുഗ്രഹം സ്വീകരിക്കുവാൻ ഇടയായി. തിരുനാളിന്റെ വിജയത്തിനായി നേതൃത്വം നൽകിയ കൈക്കാരന്മാർക്കും കമ്മറ്റി കൺവീനർമാർക്കും അംഗങ്ങൾക്കും വിവിധ സഹായസഹകരണങ്ങൾ നൽകിയവർക്കും പ്രാർത്ഥിച്ചവർക്കും ഞാൻ പ്രത്യേകം നന്ദി പറയുന്നു. വരും വർഷങ്ങളിൽ നമ്മുടെ തിരുനാളിന്റെ ചൈതന്യം കൂടുതൽ പേർ അറിയുവാനും തീർത്ഥാടകരായി അനേകം പേർ ഇവിടെ വരുവാനും വിശുദ്ധ കുരിശിന്റെ പരിപാവനമായ തിരുശേഷിപ്പ് ചുംബിച്ച് കുരിശുമുത്തപ്പന്റെ അനുഗ്രഹം സ്വീകരിച്ച് ധന്യരാകുവാനും ഇടയാകണം. എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ
യേശുവിൽ സ്നേഹപൂർവ്വം
**ഫാ. ജോസ് മാളിയേക്കൽ**
വികാരി & റെക്ടർ

---

**ജപമാല മാസാചരണവും മിഷൻ ഞായർ ആഘോഷവും** (തുടർച്ച)

**കാഴ്ചസമർപ്പണവും ഉത്പന്ന ലേലവും**

**ഒക്ടോബർ**

| | |
|---|---|
| 05 | സെന്റ് ആന്റണീസ്, ഇൻഫന്റ് ജീസസ്, സെന്റ് ജോസഫ് |
| 12 | ഹോളിക്രോസ്, സെന്റ് സെബാസ്റ്റ്യൻ |
| 19 | സെന്റ് ഗീവർഗീസ്, സെന്റ് ജോർജ്ജ് |
| 26 | സെന്റ് ജോൺ I, സെന്റ് ജോൺ II |

**നവംബർ**

| | |
|---|---|
| 02 | സെന്റ് സേവ്യർ, വാ. മദർ തെരേസ |
| 09 | സെന്റ് റോസ്, സെന്റ് അൽഫോൻസ |
| 16 | സെന്റ് മേരീസ് I, സെന്റ് മേരീസ് II |

# സഭാവാർത്തകൾ



സി. ഡെൽസ മരിയ FCC, മാപ്രാണം

**1. ചൈനക്ക് മാർപാപ്പയുടെ സൗഹൃദം :** ചൈന, ഉത്തര കൊറിയ, വിയറ്റ്നാം തുടങ്ങി വത്തിക്കാനുമായി പൂർണ്ണ നയതന്ത്രബന്ധമില്ലാത്ത ഏഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ പരമാവധി ശ്രമിക്കുമെന്ന് ഫ്രാൻസീസ് മാർപാപ്പ സൂചിപ്പിച്ചു. യുവജനസമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ ദക്ഷിണ കൊറിയൻ പര്യടനത്തിനെത്തിയ മാർപാപ്പ ആഗസ്റ്റ് 16ന് സീയൂളിന് തെക്ക് ഹാമേയിൽ 35 ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ബിഷപ്പുമാരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു.

**2. സമാധാനാശംസ വികാര പ്രകടനത്തിന്റെ വേദിയല്ല :** ദിവ്യബലിയിൽ സമാധാനാശംസയുടെ സമയത്ത് ആംഗ്യവും മറ്റു മിതമായിരിക്കണമെന്ന് വത്തിക്കാൻ നിർദ്ദേശിച്ചു. ആ സമയത്ത് പാട്ടുപാടുന്നതും കാർമ്മികൻ അൾത്താരയിൽ നിന്നിറങ്ങി ജനങ്ങളുടെ ഇടയിലേക്ക് പോകുന്നതും മറ്റും ആരാധനാക്രമത്തിന്റെ ദുരുപയോഗമാണെന്നും അത് ഒഴിവാക്കണമെന്നും വത്തിക്കാൻ ആരാധനാകൂദാശ കാര്യാലയം വ്യക്തമാക്കി.

**3. ആഗോള കുടുംബസംഗമം സ്വർഗ്ഗീയ മധ്യസ്ഥർ :** 2015 സെപ്റ്റംബറിൽ ഫിലാഡെൽഫിയിൽ നടക്കുന്ന ആഗോള കുടുംബസംഗമത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥർ വിശുദ്ധരായ ജോൺപോൾ രണ്ടാമനും ജിയന്ന മൊളോയും ആയിരിക്കും. കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്നേഹത്തിൽ നിലനിറുത്തുന്നതിനും പ്രതിജ്ഞാബദ്ധരായിരുന്നു ഈ വിശുദ്ധരെന്ന് ഫിലാഡെൽഫിയ ആർച്ചുബിഷപ്പ് ചാൾസ് ചാപ്പുട്ട് ചൂണ്ടികാട്ടി.

**4. മൊസൂൾ :** 1600 വർഷങ്ങൾക്കു ശേഷം ആദ്യമായി ഇറാഖിലെ മൊസൂളിൽ ദിവ്യബലി ഇല്ലാത്ത ഞായറാഴ്ചകൾ കടന്നുപോയി. ഐ.എസ്. എന്ന ഭീകരവാദസംഘടന നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുത്തതിനെ തുടർന്നാണ് ഞായറാഴ്ച ദിവ്യബലി മുടങ്ങിയതും തുടർന്ന് ക്രൈസ്തവർക്ക് അവിടം വിട്ട് പോകേണ്ടിവന്നതും.

**5. മറിയം ത്രേസ്യ ടെലിഫിലിമിന് അവാർഡ് :** ഹോളിഫാമിലി സുപ്പീരിയർ ജനറൽ മദർ പ്രസന്ന തട്ടിൽ നിർമ്മിച്ച് ശാലോമിനുവേണ്ടി സിബി യോഗ്യവീടൻ സംവിധാനം ചെയ്ത "വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ കുടുംബങ്ങളുടെ മധ്യസ്ഥ" എന്ന ടെലിസീരിയൽ ഫിലിം ക്രിട്ടിക്സിന്റെ രണ്ട് അവാർഡുകൾ കരസ്ഥമാക്കി. .

**6. ചാവറ വർഷാഘോഷം 2014 – 2015 :** കുടുംബങ്ങളുടെ മധ്യസ്ഥനായി മാറിയ ചാവറയച്ചന്റെ സ്മരണക്കായി സി.എം.ഐ. സഭ ചാവറ വർഷം ആചരിക്കുന്നു. 2015 ആഗസ്റ്റ് 15 വരെയാണ് ചാവറ വർഷാചരണം. പ്രാർത്ഥന, സാമൂഹ്യ പ്രതിബദ്ധത എന്നിവയിൽ ഊന്നിയുള്ള വിവിധ കർമ്മപദ്ധതികളാണ് പ്ലാൻ ചെയ്തിരിക്കുന്നത്.



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി. എം. ഐ.
മഡഗാസ്കർ

**യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം".**
**(മത്താ. 4:19)**

## മുറിക്കപ്പെട്ടില്ലെങ്കിൽ

"ശിശുവിന്റെ പരിഛേദനത്തിനുള്ള എട്ടാംദിവസം ആയപ്പോൾ ദൂതൻ നിർദ്ദേശിച്ചിരുന്ന, യേശു എന്നപേർ അവനു നൽകി" പഴയ നിയമത്തിലെ മോശയുടെ നിയമമനുസരിച്ചാണോ എന്നറിയില്ല, ആഫ്രിക്കയിൽ ഗോത്ര വർഗ്ഗക്കാരുടെയിടയിൽ ശുന്നത്ത്കർമ്മം ഒഴിവാക്കാനാകാത്തതാണ്. ചെറിയ കുട്ടികളായിരിക്കുമ്പോൾത്തന്നെ അതുനടത്തപ്പെടുന്നു.

അങ്കിലിസാത്തുവിലെ തൺഡുയി ഗോത്രവർഗ്ഗത്തിലെ ഒരു യുവാവ് വിവാഹം കഴിച്ചു. വിവാഹശേഷമാണ് അവൻ ഛേദനാകർമ്മം ചെയ്തിട്ടില്ലെന്നത് കണ്ടുപിടിക്കപ്പെട്ടത്. അവന്റെ ഭാര്യ ബഹളം കൂട്ടി. ഫലം ആ വലിയ പ്രായത്തിലും അവരുടെ ആചാരം ആ യുവാവിന്റെ മേൽ നടത്തപ്പെട്ടു.

ഇവിടത്തെ തണുപ്പുകാലമായ ജൂൺ, ജൂലായ് മാസങ്ങളിലാണ് അധികവും ശുന്നത്ത് കർമ്മങ്ങൾ നടക്കാറുള്ളത്. ഒരേ കുടുംബത്തിൽപ്പെട്ട കുട്ടികൾക്ക് കൂട്ടമായിത്തന്നെ ശുന്നത്തുകർമ്മങ്ങൾ നടത്തുകയും അതാഘോഷമാക്കുകയും ചെയ്യും. ഓരോ ഗോത്രത്തിനും പ്രത്യേകം ആചാരങ്ങളുണ്ട്. ചിലർ ഛേദനാകർമ്മത്തിനു ശേഷം അഗ്രചർമ്മം പഴത്തിനുള്ളിൽ വച്ച് കുടുംബത്തിലെ കാരണവർക്കു നല്കും. കാരണവർ അതു ഭക്ഷിക്കും. പഴയ തലമുറയും പുതിയ തലമുറയും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കപ്പെടുന്ന സംഭവമാണിത്. ഗ്രാമങ്ങളിൽ ശുന്നത്തുകർമ്മങ്ങൾ നടക്കുക പലപ്പോഴും പുഴയുടെ തീരത്തുവച്ചാണ്. തണുപ്പുള്ള ദിവസം സൂര്യനുദിക്കുന്നതിനു മുമ്പ് അവർ പുഴയോരത്തു ഒത്തുകൂടുന്നു. സൂര്യനുദിക്കുന്നതിനുമുമ്പു തന്നെ ഛേദനാകർമ്മവും നടത്തിയിരിക്കും. അവിടത്തെ ആഘോഷങ്ങൾക്കുശേഷം ഗ്രാമത്തിലേക്ക് നൃത്തം ചെയ്താണ് അവർ മടങ്ങിവരുക. ഛേദനാകർമ്മം കഴിഞ്ഞ കുട്ടികളെ വള്ളിയിലകൊണ്ട് കിരീടം ചാർത്തി തോളിലേറ്റി ഗ്രാമത്തിൽ ഒരു ഓട്ട പ്രദക്ഷിണം നടത്തിയാണ് സ്വഭവനത്തിലേക്കാനയിക്കുക. ആഘോഷങ്ങൾക്കുശേഷവും കാണാൻ വരുന്ന അതിഥികൾക്ക് കുട്ടികൾ തങ്ങളുടെ 'ദയനീയാവസ്ഥ' തുറന്നു കാണിച്ച് സമ്മാനം വാങ്ങുന്ന രീതിയുമുണ്ട്.

**ഫാത്തിദ്രാ (FATIDRA)**

വാങ്ങി ഭക്ഷിക്കുവിൻ, എന്റെ ശരീരമാകുന്നു. ഇതിൽ നിന്നു പാനം ചെയ്യു

വിൻ. ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാണ്. (മത്തായി 26:28)ഈശോ തന്റെ ത്യാഗം വഴി നമ്മളിലേക്കിറങ്ങി ഒന്നാകുന്ന വചനമാണിത്. 'ഫാത്തിഡ്രാ' എന്നൊരു ആചാരമുണ്ടിവിടെ. ജീവിച്ചിരിക്കുമ്പോൾ തന്നെ ഉറ്റവരാകാൻ ആഗ്രഹിക്കുന്ന കൂട്ടുകാർ പരസ്പരം RA (രക്തം) പങ്കുവച്ച് പാനം ചെയ്യുന്നു. മരണംവരെ ഉറ്റവരായി തുടരാനുള്ള ഒരു സ്നേഹത്തിന്റെ ഉടമ്പടി സ്ഥാപിക്കപ്പെടുകയാണ് ഈ ആചാരം മൂലം. അടുത്ത ആത്മസുഹൃത്തുക്കളാണ് ഈ ''ഫാത്തിഡ്രാ'' നടത്താറുള്ളത്. ഫാത്തിഡ്രാ നടത്തിയ സുഹൃത്തുക്കൾ പിന്നെ മരണംവരെ കൂടപ്പിറപ്പുകളെപ്പോലെയാണ് ജീവിക്കുക. കർത്താവിന്റെ ശരീരവും രക്തവും നാം ഉൾക്കൊള്ളുമ്പോൾ കർത്താവിന് നമ്മളും നമുക്ക് കർത്താവും സ്വന്തമാവുകയല്ലെ!

ഇക്കാരണത്താൽ പുരുഷൻ പിതാവിനേയും മാതാവിനേയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും. (മത്തായി 19:5) ഈ ചേർന്നിരിപ്പിൽ പുറത്താക്കപ്പെടുന്ന മാതാപിതാക്കളുടെ നൊമ്പരം കാണപ്പെട്ട ദൈവത്തിന്റെ നൊമ്പരമാണ്.

ഒരു ദിവസം മാതാവിന്റെ പേരിലുള്ള സംഘടനയിലെ ഭക്തസ്ത്രീകൾ വന്ന് ഒരു അപേക്ഷ വച്ചു. ''ഗ്രാമത്തിലെ ഒരു ഭവനത്തിൽ വയസ്സായ ഒരു മനുഷ്യനെ തന്റെ മകനും മരുമകളും കൂടി പുറത്ത് വരാന്തയിലാക്കിയിരിക്കുന്നു. ശീതകാലം വന്നതുകൊണ്ട് ആ പാവം വൃദ്ധൻ തണുപ്പുകൊണ്ട് പൊറുതി മുട്ടുന്നു. ഒരു പുതപ്പ് നമുക്കദ്ദേഹത്തിനു നൽകണം''. പുതപ്പും കൊണ്ട് ഞങ്ങൾ ആ ഭവനത്തിലെത്തി. വൃദ്ധൻ വരാന്തയിൽ ഭക്തസ്ത്രീകൾ പറഞ്ഞതുപോലെ കിടപ്പുണ്ട്. വരാന്തയെന്നു പറഞ്ഞാൽ ഒറ്റമുറിയുള്ള ആ വീട്ടിലെ മേൽപ്പുരയുടെ കഴുക്കോൽ പുറത്തേക്കു തള്ളി നിൽക്കുമ്പോഴുണ്ടാകുന്ന വരാന്ത. മുറ്റവും നിലവും ഒന്നു തന്നെ. ഞങ്ങൾ അദ്ദേഹത്തിനു ഞങ്ങളുടെ സ്നേഹാന്വേഷണങ്ങളും പുതപ്പും നൽകി തിരിച്ചുപോന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഭക്തസ്ത്രീകൾ വീണ്ടും വന്നു പറഞ്ഞു. ''വൃദ്ധന്റെ പുതപ്പ്'' അകത്തു കിടക്കുന്ന ആരോഗ്യമുള്ള മക്കൾ സ്വന്തമാക്കിയെന്ന്. നോക്കണേ... വത്സല മക്കളുടെ ഒരു കാരുണ്യ പ്രവർത്തി! അവരൊന്നായപ്പോൾ പിതാവ് പുറത്ത്.

ഞങ്ങൾ മിഷണറിമാരിൽ പലരും സ്വന്തം മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കാറില്ല എന്നു കേട്ടിട്ടുണ്ട്. മാനുഷികമായി നോക്കിയാൽ ഒരു പരിധി വരെ അതു ശരിയുമാകാം. ആദിശങ്കരൻ സന്യാസത്തിനു പോകുന്നുവെന്നറിഞ്ഞപ്പോൾ ശങ്കരന്റെ മാതാവിന് അതു സഹിച്ചില്ല. കുളിക്കുമ്പോൾ മുതലയാൽ പിടിക്കപ്പെട്ട ശങ്കരൻ ചോദിച്ചു. ''അമ്മക്കേതാണ് വേണ്ടത്, എന്റെ മരണാനന്തര ജീവിതമോ, അതോ സന്യാസ ജീവിതമോ''? അമ്മയ്ക്കു കാര്യം മനസ്സിലായി സന്യാസ ജീവിതത്തിന് അനുമതി നൽകിയത്രേ. ശാരീരികമായും ആത്മീയമായും മരിക്കുന്നതിനേക്കാൾ നല്ലതുതന്നെയല്ലെ അകലെയെങ്കിലും ''ജീവനു''ള്ളതായിരിക്കുന്നത്.

പണ്ടു സ്ഥിരമായി യാത്ര ചെയ്തിരുന്ന ബസ്സിലെ കണ്ടക്ടർ ഞാൻ

അച്ചനാകാൻ പോയതറിഞ്ഞ് എന്നെ ഉപദേശിച്ചതും മാതാപിതാക്കളെ തനിയെ വിട്ടു പോകരുതെന്നാണ്. അടുത്തു താമസിച്ച് മാതാപിതാക്കളുടെ "പുതപ്പ്" സ്വന്തമാക്കുന്നവർ നമ്മുടെ നാട്ടിലുമില്ലേ? ഞാൻ കോളേജിൽ പഠിച്ചിരുന്ന കാലം. ഒരു ദിവസം കൂടെ പഠിച്ചിരുന്ന ശെമ്മാശ്ശനോട് എന്റെ സ്നേഹിതൻ ചോദിച്ചു. ഈ പ്രായത്തിൽ കോളേജ് പഠനം കഴിഞ്ഞ് അച്ചനാകാൻ ഒരാളാഗ്രഹിക്കുന്നു. എന്താണ് ശെമ്മാശന്റെ അഭിപ്രായം? ശെമ്മാശ്ശൻ മറുപടിയായി പറഞ്ഞു "ആ ദേഹത്തിന് കിറുക്കാണ്". ആ കിറുക്ക് ഞാനേറ്റെടുത്തു. ഞാൻ ശെമ്മാശ്ശനായപ്പോൾ ഈ അഭിപ്രായം പറഞ്ഞ ആൾ ശെമ്മാശ്ശനായിരുന്നില്ല. നമ്മുടെ വിശ്വാസം ആഴത്തിൽ കാത്തുസൂക്ഷിക്കാൻ നമുക്കു സാധിച്ചത് വി. തോമാശ്ലീഹായും വി. ഫ്രാൻസിസ് സേവ്യറും അർണോസ് പാതിരിയുമെല്ലാം ഈ "കിറുക്ക്" ഏറ്റെടുത്തതു കൊണ്ടല്ലേ; തങ്ങൾക്ക് സ്വന്തമായവരെ കർത്താവിനെ പ്രതി കാണേണ്ട എന്നു വച്ചതു കൊണ്ടല്ലേ! സ്വന്തം ജീവിതത്തിൽ ത്യാഗം വേണ്ട എന്നു വച്ചാൽ മറ്റുള്ളവരുടെ ത്യാഗഫലം എങ്ങിനെ നാം സ്വന്തമാക്കും?

2004ൽ എന്റെ അമ്മ മരിച്ചപ്പോൾ, ഞാൻ ശുശ്രൂഷ ചെയ്തിരുന്ന ഗ്രാമം ഇലക്ട്രിസിറ്റിയും ഫോണുമില്ലാത്ത അവസ്ഥയിലായിരുന്നു. ഫോൺ 92 കി.മീ. അകലെയുള്ള രൂപതാകേന്ദ്രം വരേയേ എത്തുമായിരുന്നുള്ളു. മരണവാർത്ത കേരളത്തിൽ നിന്ന് കെനിയയിലെത്തി. പിന്നെ മഡഗാസ്കറിന്റെ തലസ്ഥാനമായ അൻതനനറിവിലെത്തി. അവിടെ നിന്ന് രൂപതാസ്ഥാനമായ മുറണ്ടാവയിലെത്തി. അവിടം വരേയെ ഫോണുള്ളു. പിന്നെ അവിടെ നിന്നും നേരിട്ടുവന്നു പറയുകയായിരുന്നു. അപ്പോഴേക്കും ഒത്തിരി വൈകി. ഇതെന്റെ മാത്രം കഥയല്ല, ഞങ്ങളുടെ പല മിഷണറിമാരുടേയും അനുഭവമാണ്. 51-ാം സങ്കീർത്തകൻ പ്രാർത്ഥിക്കുന്നതുപോലെ "ഉരുകിയ മനസ്സാണു ദൈവത്തിനു സ്വീകാര്യമായ ബലി. ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങു നിരസിക്കുകയില്ല".

(തുടരും)

# കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) ജൂൺ- ജൂലൈ (2) നജാഫ് (3) മാത്സര്യമോ വ്യർത്ഥാഭിമാനമോമൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താൽപര്യം മാത്രം നോക്കിയാൽ പോരാ, മറിച്ച് മറ്റുള്ളവരുടെ താൽപര്യവും പരിഗണിക്കണം (4) ഫാദർ അലൻസോ (5) അഞ്ചാം പീയൂസ് പാപ്പാ (6) വെന്തെരിഞ്ഞ കൊച്ചുബാലിക (7) പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ (8) വിശുദ്ധ പൗലോസ് (9) സെൻറ് എഫ്രേം തിയോളജിക്കൽ സെമിനാരി (സത്ന സെമിനാരി) (10) എഫെ 5:21 (11) അൾട്രാ സൗണ്ട് സ്കാനിംഗ് (അൾട്രാസോണോഗ്രാം) (12) ദൈവദാസൻ ഫാ.വർഗ്ഗീസ് പയ്യപ്പിള്ളി (13) ഫ്രഞ്ച് ഗയാനയിലെ കൗരു (14) ജോൺപോൾ രണ്ടാമൻ (15) ജോൺപോൾ രണ്ടാമൻ (16) വി. മാക്സിമില്യൻ കോൾബെ

# ജാലകത്തിലൂടെ...



ജെസ്റ്റിൻ ജോസ് എം.

സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതിയിൽ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം ലഭ്യമാണ്. ആയതിനെ കുറിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു. 30,000/- രൂപയാണ് ധനസഹായമായി ലഭിക്കുക. അപേക്ഷകയായ വിധവയുടെയും കുടുംബത്തിന്റെയും എല്ലാ ഇനത്തിലുമുള്ള കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയിലും നഗരപ്രദേശങ്ങളിൽ 22375/- രൂപയിലും കവിയാൻ പാടില്ല. പെൺകുട്ടികളുടെ സ്വർണ്ണമുൾപ്പെടെയുള്ള ആകെ സമ്പത്ത് 6000/- രൂപയിൽ കവിയരുത്. ആദ്യ വിവാഹമായിരിക്കണം. വിവാഹ തിയ്യതിയ്ക്ക് ഒരുമാസം മുമ്പ് നിശ്ചിത ഫോറത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കണം. തക്കതായ കാരണത്താൽ അപേക്ഷിക്കാൻ കഴിയാതെ വന്നാൽ കാരണം വ്യക്തമാക്കി മാപ്പപേക്ഷ ഹാജരാക്കണം. വിവാഹത്തിനുശേഷം മൂന്നുമാസം വരെ ഇത്തരം അപേക്ഷകൾ പരിഗണിക്കും. അപേക്ഷയോടൊപ്പം പരേതൻ അപേക്ഷകയുടെ നിയമാനുസൃത ഭർത്താവും വധുവിന്റെ പിതാവുമായിരുന്നുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും മരണ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. വിധവ സ്ഥിരബുദ്ധിയില്ലാത്ത വ്യക്തിയാണെങ്കിൽ പെൺകുട്ടിയെ വിവാഹം ചെയ്ത് അയയ്ക്കുന്നതിനു ഉത്തരവാദിത്വപ്പെട്ട മറ്റൊരു വ്യക്തി ചുമതല ഏറ്റെടുത്ത് മതിയായ ഈടിന്മേൽ ധനസഹായം സ്വീകരിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ രീതിയിൽ അപേക്ഷ പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ ആഫീസിൽ നൽകണം. കമ്മിറ്റി പരിശോധിച്ച് അർഹതയുള്ള അപേക്ഷകൾ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പോടുകൂടി എല്ലാ വിവരങ്ങളും അടങ്ങിയ ലിസ്റ്റ് തഹസിൽദാർക്ക് അയച്ചുകൊടുക്കും. തഹസിൽദാർ നിയമാനുസൃത പരിശോധനകൾ നടത്തി തുക അനുവദിക്കുന്നു.

മറ്റൊരു സാമൂഹ്യ സുരക്ഷാപദ്ധതിയാണ് വാഹനാപകടത്തിൽ പെടുന്നവർക്കുള്ള ധനസഹായം. ഇൻഷുറൻസ് കമ്പനികളുമായി ചേർന്ന് ജില്ലാ കളക്ടർ ആണ് ഇതനുവദിക്കുന്നത്. പരിക്കേറ്റവർക്ക് 500 രൂപ വരെയും മരിച്ചവരുടെ ആശ്രിതർക്ക് 1000 രൂപ വരേയും ഇടക്കാലാശ്വാസമായി തഹസിൽദാർക്കു അനുവദിക്കാം. 5000 രൂപ വരെയുള്ള ധനസഹായമാണ് ഇത്തരത്തിൽ കളക്ടർ അനുവദിക്കുന്നത്. വാഹനം തിരിച്ചറിയാത്ത സാഹചര്യത്തിലും സഹായം ലഭിക്കുന്നതാണ്. അപേക്ഷയോടൊപ്പം പോലീസ് മഹസ്സറും മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്.

## വിശുദ്ധരുടെ ജീവിതത്തിലൂടെ...

# വി. ഫ്രാൻസീസ് അസ്സീസി (ഒക്ടോബർ 4)

സി. ഡെൽസ മരിയ FCC,
മാപ്രാണം





ക്രിസ്തുവിന്റെ യഥാർത്ഥ സ്നേഹിതൻ. ലോകത്തിനു ലാളിത്യത്തിന്റെ മഹത്വം സ്വജീവിതത്തിലൂടെ കാണിച്ചുകൊടുത്ത, ക്രിസ്തുവിന്റെ പുല്ലാങ്കുഴൽ. സഭാ ചരിത്രത്തിലെന്നപ്പോലെ ലോകചരിത്രത്തിലും വിശ്വപ്രേമത്തിന്റെ ഗായകകനെന്നും രണ്ടാം ക്രിസ്തു എന്നും അറിയപ്പെട്ടവൻ. ധനിക കുടുംബത്തിൽപ്പെട്ട പീറ്റർ ബർണാർദേബിന്റെയും പീക്കയുടെയും കടിഞ്ഞൂൽ പുത്രനായി 1182 സെപ്റ്റംബർ 26-ാം തിയ്യതി ഫ്രാൻസിസ് ജനിച്ചു.

യുവത്വത്തിലേക്ക് കാലൂന്നിയ ഫ്രാൻസിസിന്റെ കയ്യിൽ ആവശ്യത്തിലേറെ പണം. ധാരാളം കൂട്ടുകാർ. ഫ്രാൻസീസിന്റെ ബാല്യവും കൗമാരവും ആഘോഷങ്ങളുടേതായിരുന്നു. എങ്കിലും സംതൃപ്തനാകാതെ പ്രശസ്തനായ മാടമ്പിയും പ്രഭുവുമാകാൻ സൈനിക സേവനത്തിൽ ചേർന്നു. 1201ൽ അസ്സീസിയും അയൽരാജ്യമായ പെറൂജിയയും തമ്മിലുള്ള യുദ്ധത്തിൽ മുൻനിരയിലായിരുന്നു ഫ്രാൻസീസ്. ഒരു ദിവസം വിശ്രമിക്കവെ, അവനൊരു സ്വരം കേട്ടു. “ഫ്രാൻസിസ് ഫ്രാൻസിസ്, യജമാനനെ സേവിക്കുന്നതോ ഭൃത്യനെ സേവിക്കുന്നതോ ഏതാണ് കാരണീയം”? ഫ്രാൻസിസ് പ്രതിവചിച്ചു; “യജമാനനെ”. എങ്കിൽ അസീസ്സിയിലേക്ക് തിരിച്ചു പോവുക. ആ ഉൾശബ്ദത്തിന് കാതോർത്ത് ഫ്രാൻസിസ് നഗ്നപാദനായി അസ്സീസിയിലേക്ക് മടങ്ങി. അന്നുമുതൽ ഫ്രാൻസിസ് നേടാനാഗ്രഹിച്ച ലൗകിക സുഖങ്ങളും ധനവും മാടമ്പി സ്ഥാനവും മിഥ്യയായി അദ്ദേഹത്തിനു തോന്നി. എന്നും കാലത്ത് സാൻഡാമിയാനോ പള്ളിയിൽ പോയി ദീർഘ നേരം പ്രാർത്ഥിക്കും.

ദരിദ്രനാക്കപ്പെട്ട ഈശോയോടുള്ള പ്രണയം മനസ്സിൽ വർദ്ധിച്ചു വന്നിരുന്നു. "കർത്താവേ, ഞാനെന്താണ് ചെയ്യേണ്ടത്" എന്ന ഫ്രാൻസിസിന്റെ ചോദ്യത്തിന് "റോമിലേക്ക് പുറപ്പെടുക" എന്നായിരുന്നു ഉത്തരം. അങ്ങനെ റോമിലെത്തി, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ കബറിടത്തിങ്കൽ മണിക്കൂറുകളോളം പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഭിക്ഷക്കാരുടെ നീണ്ട നിര. അദ്ദേഹം നാണയസഞ്ചി തുറന്ന് ആ പണം മുഴുവൻ വീതിച്ചു നൽകി. മുന്നോട്ടു നീങ്ങിയപ്പോൾ മറ്റൊരു യാചകൻ കൈനീട്ടുന്നു. തന്റെ കയ്യിൽ ഒന്നുമില്ലെന്ന് പറഞ്ഞിട്ടും പോകാതെ നിന്ന യാചകന് ഫ്രാൻസിസ് തന്റെ കുപ്പായം ഊരി നൽകി. അയാളുടെ കീറിപ്പറിഞ്ഞ കുപ്പായം വാങ്ങി ധരിച്ച് ഭിക്ഷക്കാരനായി. ഒരാഴ്ചക്കാലം ഈ രീതി തുടർന്നു. നിന്ദനം, അവഗണനന, പരിഹാസം ഇവയെല്ലാം സ്വീകരിക്കുമ്പോൾ അനിർവ്വചനീയമായ ആനന്ദമാണ് അദ്ദേഹം അനുഭവിച്ചത്.

കുഷ്ടരോഗികളെ ശുശ്രൂഷിച്ചും, ഭിക്ഷക്കാരെ സഹായിച്ചും ദീർഘനേരം പ്രാർത്ഥിച്ചും ഫ്രാൻസീസിന്റെ ദിനരാത്രങ്ങൾ കടന്നുപോയി. കാലപഴക്കംക്കൊണ്ട് ജീർണ്ണാവസ്ഥയിലെത്തിയ ദൈവാലയത്തിലിരുന്ന് പ്രാർത്ഥിക്കുമ്പോൾ ഒരു ദിവസം, ക്രൂശിതനായ ക്രിസ്തു തന്നോട് സംസാരിക്കുന്നതുപോലെ ഫ്രാൻസിസിനു തോന്നി. "ഫ്രാൻസിസ് എഴുന്നേൽക്കൂ, തകർന്നു വീഴാറായ എന്റെ ഭവനം പുനരുദ്ധരിക്കൂ..." അന്നുമുതൽ ദൈവത്തിന്റെ ഇഷ്ടങ്ങൾ നിവർത്തിക്കുന്ന ഒരു ഉപകരണമായി ഫ്രാൻസിസ് മാറി. ക്രമേണ ഫ്രാൻസീസിന്റെ ജീവിതമാതൃക അനുകരിക്കാൻ യുവജനങ്ങൾ വന്നുതുടങ്ങി. പ്രഭു കുമാരനായ ബർണാഡ് ക്വിന്റവാലെ, നിയമപണ്ഡിതനായ പീറ്റർ കത്താനി എന്നിവർ ഫ്രാൻസീസിന്റെ ശിഷ്യത്വം സ്വീകരിച്ചു. പിന്നീടങ്ങോട്ട് വലിയൊരു ശിഷ്യസമൂഹംതന്നെ ഫ്രാൻസീസിനുണ്ടായി. ഏറ്റവും ദരിദ്രരായി ജീവിക്കുക, പാവങ്ങളെ ശുശ്രൂഷിക്കുക, ദൈവവചനം പ്രസംഗിക്കുക എന്നതായിരുന്നു ഇവരുടെ ജീവിതരീതി.

1209 ഫെബ്രുവരി 24ന് ഇന്നസെന്റ് മൂന്നാമൻ മാർപാപ്പ, ശിഷ്യ സമൂഹത്തിനായി ഫ്രാൻസീസ് തയ്യാറാക്കിയ നിയമാവലി അംഗീകരിക്കുകയും ഫ്രാൻസീസിനെ പുതിയ സഭയുടെ സുപ്പീരിയറായി നിയമിക്കുകയും ചെയ്തു. പ്രകൃതിയോടും മൃഗങ്ങളോടും ദൈവത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ദാരിദ്ര്യ ജീവിതം നയിക്കുകയും ചെയ്ത ഫ്രാൻസീസ് രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെട്ടു. 1226 ഒക്ടോബർ 03ന് ആ ദാരിദ്ര്യസ്നേഹി മരിച്ചു. രണ്ടു വർഷങ്ങൾക്കുശേഷം ഗ്രിഗറി ഒമ്പതാം മാർപാപ്പ ഫ്രാൻസീസിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. ആ വിശുദ്ധന്റെ ഭൗതികാവശിഷ്ടം വഹിക്കുന്ന നരകക്കുന്ന് എന്ന് അറിയപ്പെട്ടിരുന്ന സ്ഥലം ഇന്ന് സ്വർഗ്ഗത്തിന്റെ കുന്നായി അറിയപ്പെടുന്നു. ക്രിസ്തുവിൽ ജീവിതമർപ്പിച്ച ആ വിശുദ്ധന്റെ തിരുനാൾ ഒക്ടോബർ 4ന് സാർവ്വത്രിക സഭയിൽ ആഘോഷിക്കുന്നു.

**ബാലപംക്തി**

# ജപമാല ഭക്തി

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ



കൊച്ചുകൂട്ടുകാരെ, എത്ര മാധുര്യമുള്ള വാക്കാണ് അമ്മ എന്നത്. സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും നിറകുടമാണ് അമ്മ. ദൈവമാതാവാണ് പരി. കന്യകാമറിയം. ഈ ലോകത്തിൽ എത്രയോ അധികം മരിയഭക്തരാണുള്ളത്! പരി. അമ്മയോടുള്ള ഭക്തി ജപമാലകളിലൂടെ നാം അർപ്പിക്കുന്നു.

ഫ്രാൻസിൽ ഒരു സംഘം വിദ്യാർത്ഥികൾ വിനോദയാത്ര നടത്തുകയായിരുന്നു. അവരോടൊപ്പം തീവണ്ടിയിൽ യാത്ര ചെയ്തിരുന്ന, ജപമാല ചൊല്ലികൊണ്ടിരിക്കുകയായിരുന്ന ഒരു വൃദ്ധനെ അവർ ശ്രദ്ധിച്ചു. വിദ്യാർത്ഥിസംഘത്തിൽ നിരീശ്വരവാദികളായ ചിലരുണ്ടായിരുന്നു. പ്രാർത്ഥനാനിമഗ്നനായിരുന്ന വൃദ്ധനെ അവർ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്തു. എങ്കിലും ഇതൊന്നും ശ്രദ്ധിക്കാതെ അയാൾ പ്രാർത്ഥന തുടർന്നു. പ്രാർത്ഥന കഴിഞ്ഞപ്പോൾ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ വിദ്യാർത്ഥികൾ അദ്ദേഹത്തോട് സംസാരിച്ചു. അവക്കെല്ലാം അദ്ദേഹം പ്രശാന്തനായി മറുപടി പറഞ്ഞു. പിന്നീട് അവരുടെ സംഭാഷണം സാഹിത്യത്തിലേക്ക് കടന്നു. അന്നത്തെ പ്രശസ്ത നോവലിസ്റ്റും ഫ്രഞ്ചുസാഹിത്യത്തിലെ അതികായനുമായ വിക്ടർ ഹ്യൂഗോവിനെപ്പറ്റി അവർ പരാമർശിച്ചു. ഹ്യൂഗോവിനെക്കുറിച്ച് കൂടുതൽ അറിയുവാനുള്ള താൽപര്യം വൃദ്ധൻ പ്രകടിപ്പിച്ചു. അവർ ഹ്യൂഗോവിന്റെ ഗുണഗണങ്ങൾ സവിസ്തരം പ്രതിപാദിച്ചു. യാത്ര അവസാനിച്ച് വിട ചോദിക്കവേ വൃദ്ധൻ അവരോടു പറഞ്ഞു, വിക്ടർ ഹ്യൂഗോവിനെക്കുറിച്ച് ഒരു കാര്യം മാത്രം നിങ്ങൾ പറഞ്ഞില്ല. എന്താണത്? അവർ ചോദിച്ചു. അദ്ദേഹം യഥാർത്ഥ മരിയഭക്തൻ കൂടിയാണ്. നിങ്ങൾക്കതെങ്ങനെ അറിയാം, എന്താണതിന് തെളിവെന്ന് ചോദിച്ച വിദ്യാർത്ഥികളോട് വൃദ്ധൻ സുസ്മേരവദനനായി ഇപ്രകാരം പ്രതിവചിച്ചു. നിങ്ങൾ പ്രകീർത്തിച്ച വിക്ടർ ഹ്യൂഗോ ഞാൻ തന്നെയാണ്. നിങ്ങളുടെ മുമ്പിൽ വച്ച് കൊന്ത ജപിച്ച ഞാൻ വേറെ തെളിവ് നൽകണമോ? ആ വിശ്രുത സാഹിത്യകാരനോട് ക്ഷമാപണം ചെയ്തതിനുശേഷമാണ് വിദ്യാർത്ഥികൾ മടങ്ങിയത്. അമ്മ നമ്മെ സ്നേഹിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യാറുണ്ട്. അമ്മയുടെ പരിലാളനക്കും പരിപാലനത്തിനും പകരമാവാൻ മറ്റൊന്നിനും സാധിക്കുകയില്ല. അതുപോലെ, പരി. അമ്മയും നമ്മുടെ സഹരക്ഷകയാണ്. അവിടുത്തെ തിരുകാപ്പയിൽ നമ്മെ പൊതിഞ്ഞ് സംരക്ഷിക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാം. ജപമാല പ്രാർത്ഥനയിലൂടെ മനോഹരമായ ഹാരങ്ങൾ മാതാവിന് നമുക്ക് ചാർത്താം.

(കഥക്ക് കടപ്പാട്: പരി. മാതാവിന്റെ വണക്കമാസ പുസ്തകം)

# പിന്നിട്ട ലോകം



ജെസ്റ്റോ മാമ്പിള്ളി

- 111 വയസ്സുള്ള ജപ്പാൻകാരൻ സകാരി മൊമോയി, ലോകത്തിലെ ഏറ്റവും പ്രായമുള്ള പുരുഷൻ. ഏറ്റവും പ്രായമുള്ള വനിതയും ജപ്പാനിലാണ് 116 വയസ്സുള്ള മിസാവോ ഒക്കാവ.
- ഡോ. ബാബു സെബാസ്റ്റ്യൻ എം.ജി സർവകലാശാല വൈസ്ചാൻസലർ.
- പ്രധാൻമന്ത്രി ജൻധൻ യോജന - ഈ പദ്ധതി പ്രകാരം ബാങ്ക് അക്കൗണ്ട് തുറക്കുന്നവർക്ക് 'റുപെ' ഡെബിറ്റ് കാർഡും 1 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും.
- സമാധാന കാലത്തെ സൈനിക ധീരതയ്ക്കുള്ള പരമോന്നത ബഹുമതിയായ അശോകചക്ര മേജർ മുകുന്ദ്‌വരദരാജന്. (മരണാനന്തരം)
- കേരള ഗവർണറായി ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റിസ് പി. സദാശിവം ചുമതലയേറ്റു.
- "2014 RC" എന്ന ചിന്ന ഗ്രഹം ഭൂമിക്ക് ഏറ്റവും അടുത്തുകൂടി (40,000 കി.മീ. അകലത്തിൽ) കടന്നുപോയി. ഭൂസ്ഥിര ഉപഗ്രഹങ്ങൾ ഭ്രമണം ചെയ്യുന്നത് 36,000 കി.മീ ഉയരത്തിലാണ്.
- ആന്ധ്രപ്രദേശിന്റെ പുതിയ തലസ്ഥാനം വിജയവാഡ ആയിരിക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചു.
- ഇന്ത്യൻ വംശജനായ മഞ്ജുൾ ഭാർഗവ ഉൾപ്പെടെ 4 പേർക്ക് ഫീൽഡ്സ് മെഡൽ. "ഗണിത ശാസ്ത്ര നൊബേൽ" എന്നറിയപ്പെടുന്ന പുരസ്കാരം ഒരു ഇന്ത്യൻ വംശജന് ആദ്യമായാണ് ലഭിക്കുന്നത്.
- രാജീവ്ഗാന്ധി സദ്ഭാവനാ പുരസ്കാരം ബോളിവുഡ് സംവിധായകൻ മുസാഫർ അലിയ്ക്ക് ലഭിച്ചു. ഇന്ത്യയുടെ മതസൗഹാർദ്ദത്തിനും സമാധാനത്തിനും നല്കിയ സംഭാവന പരിഗണിച്ചാണ് പുരസ്കാരം.
- കരസേന മേധാവിയായി ലെഫ്റ്റനന്റ് ജനറൽ ദൽബീർസിങ് സുഹാഗ് ചുമതലയേറ്റു.
- യു.പി.എസ്.സിയുടെ ചെയർപേഴ്സണായി രജനി റസ്ദാനെ ചുമതല ഏറ്റെടുത്തു.
- റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നാലാമത് ഡെപ്യൂട്ടി ഗവർണറായി എസ്.എസ്. മുൻദ്രയെ നിയമിച്ചു.
- 2015-ൽ നടക്കുന്ന ആദ്യ പാരാ ഗ്ലൈഡിങ് ലോകകപ്പിന് ഹിമാചൽ പ്രദേശ് വേദിയാകും.
- 41-ാം ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യൻ പുരുഷ ടീമിന് വെങ്കലം. ആദ്യമായാണ് ഇന്ത്യൻ ടീം ചെസ് ഒളിമ്പ്യാഡിൽ മെഡൽ നേടുന്നത്. ചൈനയ്ക്കാണ് സ്വർണ്ണം.

# ആരോഗ്യ ചിന്തകൾ



ജെസ്റ്റിൻ ജോസ് എം.

റേഡിയേഷൻ ചികിത്സ ഇന്ന് വളരെയധികം പുരോഗമിച്ചിട്ടുണ്ട്. സാധാരണ എക്സറെ ഫോട്ടോഗ്രാഫി മുതൽ കാൻസർ രോഗത്തിനുവരെ വിവിധതരം അയോണിക് റേഡിയേഷനുകൾ ഉപയോഗിച്ചുള്ള ചികിത്സയാണ്. ഈ രംഗങ്ങളിലെല്ലാം നിയന്ത്രിതവും ആവശ്യാനുസരണവുമായാണ് റേഡിയേഷനുകളെ ഉപയോഗിക്കുന്നത്. അവ നൽകുന്ന ചികിത്സാഫലം വളരെ പ്രധാനപ്പെട്ടതുമാണ്. അതുകൊണ്ട് അയോണിക റേഡിയേഷനുകളെ ആരോഗ്യ രംഗത്തുനിന്നും മാറ്റി നിർത്താനാവില്ല. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി അനാവശ്യമായി സ്വീകരിക്കപ്പെടേണ്ടിവരുന്ന റേഡിയേഷനുകളുടെ ഫലങ്ങളെ കുറിച്ച് നമുക്ക് ലഘുവായി ചിന്തിയ്ക്കാം.

അയോണിക റേഡിയേഷനുകൾ ഉണ്ടാക്കുന്ന ഫലങ്ങളെ പ്രധാനമായും രണ്ടായി തിരിയ്ക്കാം. സ്റ്റൊക്കാസ്റ്റിക് ഫലങ്ങളെന്നും നോൺ സ്റ്റൊക്കാസ്റ്റിക് ഫലങ്ങളെന്നും. റേഡിയേഷൻ സ്വീകരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന കൃത്യതയില്ലാത്ത ഫലങ്ങളെ സ്റ്റൊക്കാസ്റ്റിക് ഫലങ്ങളെന്നു പറയാം. പ്രധാനമായും കാൻസറുകളും ജനിതക ഫലങ്ങളുമാണ് ഇത്തരത്തിലുണ്ടാകുന്നത്. ഒരുപക്ഷെ റേഡിയേഷൻ സ്വീകരിച്ചതിനുശേഷം വർഷങ്ങൾക്കപ്പുറമായിരിക്കും ഈ ഫലങ്ങൾ പ്രകടമാവുന്നത്. പലപ്പോഴായി സ്വീകരിക്കപ്പെട്ട ഡോസിൽ ഏത് ഡോസാണ് ഈ ഫലങ്ങൾക്ക് കാരണമായതെന്ന് പ്രത്യേകിച്ച് എടുത്തുപറയാനാകില്ല. എന്നാൽ റേഡിയേഷൻ അനാവശ്യമായി സ്വീകരിക്കേണ്ടി വരുന്ന ഒരു ചുറ്റുപാടിൽ പ്രവർത്തിയ്ക്കേണ്ടി വന്നാൽ അതിന്റെ തിക്തഫലം അനുഭവിയ്ക്കേണ്ടി വരുമെന്നുള്ളത് ഏതാണ്ടൊക്കെ ഉറപ്പിയ്ക്കാം. അതായത് അവർക്ക് കാൻസർ, ലുക്കേമിയ, ജനിതക തകരാറുകൾ, കണ്ണിന്റെ തകരാറുകൾ ഒക്കെ ഉണ്ടാകുന്നതിനുള്ള സാധ്യത കൂടുതലാണെന്നർത്ഥം.

സ്വീകരിയ്ക്കുന്ന ഡോസിനനുസരിച്ച് ഉടനെ പ്രത്യക്ഷമാകുന്ന ഫലങ്ങളെ നോൺ സ്റ്റൊക്കാസ്റ്റിക് ഫലങ്ങളെന്നു പറയാം. അതായത് റേഡിയേഷൻ പതിച്ച് മണിക്കൂറുകൾക്കുള്ളിലോ ദിവസങ്ങൾക്കുള്ളിലോ ഫലങ്ങൾ പ്രകടമാകുമെന്ന് സാരം. ഉദാഹരണത്തിന് നമുക്ക് ലഭിക്കുന്ന ഡോസ് രണ്ട് Gy ആണെന്നിരിക്കട്ടെ. ഇത് നമ്മുടെ രക്ത ഉത്പാദന വ്യവസ്ഥയെ ബാധിക്കുന്നു. മണിക്കൂറുകൾക്കുള്ളിൽ അതിന്റെ ഫലങ്ങൾ പ്രകടമായി തുടങ്ങും. മനം പുരട്ടലും ശർദ്ദിയുമാണ് ആദ്യ ലക്ഷണങ്ങൾ. പിന്നീടതു ക്ഷീണത്തിലേയ്ക്കും ശരീര അവശതയിലേക്കും നയിക്കപ്പെടുന്നു. തുടർന്ന് രണ്ടോ മൂന്നോ ആഴ്ചകൾക്കുള്ളിൽ മുടി കൊഴിയാൻ തുടങ്ങും. തുടർന്നും ഡോസ് ലഭിക്കുന്ന സാഹചര്യത്തിൽ ജീവനുതന്നെ ഹാനി സംഭവിക്കാം.

# സൗജന്യ ജനറൽ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സും

മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ദൈവാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാർ സ്ലീവാ അസോസിയേഷൻ ഫോർ റൂറൽ ഗൈഡൻസ് (മാർഗ്) കുരിശുമുത്തപ്പന്റെ തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി, മാർഗിന്റെയും തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സും സൗജന്യ ജനറൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ആഗസ്റ്റ് 17-ാം തിയ്യതി ഉച്ചതിരിഞ്ഞ് ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂൾ ഹാളിൽ നടന്ന ബോധവത്ക്കരണ ക്ലാസ്സ് അത്യന്തം വിജ്ഞാനപ്രദമായിരുന്നു. ജൂബിലി മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാർ നയിച്ച ക്ലാസ്സിൽ ഹാൾ തിങ്ങിനിറയും വിധം ശ്രോതാക്കളുണ്ടായിരുന്നു. ക്ലാസ്സിൽ പങ്കെടുത്തവരുടെ സംശയങ്ങൾക്കും ഡോക്ടർമാർ മറുപടി പറഞ്ഞു.

31-ാം തിയ്യതി രാവിലെ ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ചു നടന്ന സൗജന്യ ജനറൽ മെഡിക്കൽ ക്യാമ്പ്, ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. തീർത്ഥകേന്ദ്രം റെക്ടർ റവ. ഫാ. ജോസ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സുനിൽ ചിരിയങ്കണ്ടത്ത് മുഖ്യാതിഥിയായിരുന്നു. ക്യാമ്പിന്റെ സംഘാടനത്തിൽ അതിയായ മതിപ്പ് രേഖപ്പെടുത്തികൊണ്ടാണ് അദ്ദേഹം പ്രസംഗിച്ചത്. റവ. ഫാ. ബിവിൻ കളമ്പാടൻ, മാർഗ് സെക്രട്ടറി ശ്രീ. സെബി കള്ളാപറമ്പിൽ, പള്ളി ട്രസ്റ്റി ശ്രീ. ജോസഫ് കാച്ചപ്പിള്ളി, ക്യാമ്പ് കൺവീനർ ശ്രീ. അനൂപ് ബേബി അറയ്ക്കൽ എന്നിവരും സംസാരിച്ചു. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അമ്പതോളം ഡോക്ടർമാരും, നേഴ്സുമാരും, വിവിധ ടെക്നീഷ്യന്മാരും ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 1400ളം പേർ പരിശോധനയ്ക്ക് വിധേയരായി. മാർഗ് ഭരണസമിതി അംഗങ്ങളും പള്ളി ട്രസ്റ്റിമാരും വിവിധ കമ്മിറ്റി അംഗങ്ങളും ക്യാമ്പിന്റെ സംഘാടനത്തിനും മറ്റു പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

സെബി കള്ളാപറമ്പിൽ, സെക്രട്ടറി, മാർഗ്ഗ്

---

**ആരോഗ്യ ചിന്തകൾ** (തുടർച്ച)

അനാവശ്യമായ റേഡിയേഷൻ സ്വീകരണത്തെ കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചത്. എന്നാൽ കാൻസർ പോലുള്ള അസുഖങ്ങളിൽ റേഡിയേഷൻ ചികിത്സയുടെ ആവശ്യകത അവിതർക്കമാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്ക് അടുത്ത ലക്കത്തിൽ ചർച്ചചെയ്യാം.



# ജപമാല - വരദാനങ്ങളുടെ നീറമാല

**പോളി അറയ്ക്കൽ**

"അങ്ങ് അവനും അവന്റെ ഭവനത്തിനും സമ്പത്തിനും ചുറ്റും വേലി കെട്ടി സുരക്ഷിതത്വം നല്കി; അവന്റെ പ്രവർത്തികളെ അനുഗ്രഹിച്ചു; അവന്റെ സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്തു".(ജോബ് 1:10)

തന്റെ ദാസനായ ജോബിനെപ്പറ്റി ആരാഞ്ഞ ദൈവത്തിനു മുൻപാകെ, സാത്താൻ നൽകിയ ഈ മറുപടി, സാത്താന്റെ നിസ്സഹായവസ്ഥ വെളിവാക്കുന്നു. ജോബിനെപ്പറ്റി ദൈവം നൽകുന്ന സാക്ഷ്യംകൂടെ നമുക്കിവിടെ വായിയ്ക്കാം. "അവനേപ്പോലെ നിഷ്കളങ്കനും ദൈവത്തെ ഭയപ്പെടുന്നവനും തിന്മയിൽ നിന്ന് അകന്നുജീവിക്കുന്നവനുമായി ഭൂമുഖത്ത് ആരെങ്കിലുമുണ്ടോ"? ഇങ്ങനെയുള്ള തന്റെ വിശ്വസ്ത ദാസനെ ദൈവം സംരക്ഷിച്ചു പരിപാലിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ? അതാണു സാത്താന്റെ നാവിൽ നിന്നും വീണുപോയ നൈരാശ്യം കലർന്ന (മുകളിൽ കൊടുത്ത) വിവരണത്തിന്റെ സാരം.

ഇത്രയും ഇവിടെ പറയാനൊരു കാരണമുണ്ട്. അതു വഴിയേ വ്യക്തമാകും. "ഇതാ നിന്റെ അമ്മ" (യോഹ 19:27) എന്ന് വി. യോഹന്നാൻ ശ്ലീഹായിലൂടെ മാനവകുലത്തിന്റെ മുഴുവനും മാതാവായി അവരോധിക്കപ്പെടുന്ന പരി. കന്യകാമറിയം, തന്റെ പ്രാണനും ജീവരക്തവും നൽകി വീണ്ടെടുക്കാൻമാത്രം മനുഷ്യമക്കളെ സ്നേഹിച്ചു നെഞ്ചോടുചേർത്ത ദൈവപുത്രന്റെ അമ്മ, ഒരുനാളും നമ്മെ മറന്നില്ല; മറന്നിട്ടുമില്ല! അതിന്റെ അനശ്വരമായ സാക്ഷ്യമാണ് ജപമാല.

ലോകമാസകലം കത്തോലിക്കാ വിശ്വാസികൾ ആദരവോടെ, ആത്മനിറവോടെ ഹൃദയത്തിലേറ്റി ഉരുവിടുന്ന സുകൃത വചനങ്ങളുടെ ആവിഷ്കൃതമായ പ്രാർത്ഥനാരൂപമാണ് ജപമാല. ഭൂമിയിലെ തന്റെ നിരാലംബരായ മക്കളുടെ വ്യഥകൾക്കും വ്യസനങ്ങൾക്കും സാന്ത്വനമായി പൈശാചിക ബന്ധനങ്ങളിലും പ്രലോഭനങ്ങളിലും നിന്ന് മുക്തി നൽകാൻ അമ്മയായ, നമ്മുടെ നിത്യസഹചാരിണിയായ പരി. കന്യകാമറിയം അനുഗ്രഹിച്ചു നൽകിയ അവാച്യ സിദ്ധിയുള്ള പ്രാർത്ഥന! ഓരോ വാക്കിലും വരിയിലും നിറഞ്ഞദൈവസ്നേഹാനുഭവവും സർവ്വേശ പരിപാലനയുടെ ആർജ്ജവവും ആത്മാഭിഷേക നിറവും പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്ന വരദായക സമൃദ്ധമായ പ്രാർത്ഥനാ മാല! അതിനെതിരെ ഒരു വിധത്തിലുമുള്ള പൈശാചികശക്തികളോ, ബന്ധനങ്ങളോ പ്രലോഭനങ്ങളോ പ്രബലപ്പെടുകയില്ല! അതിനുദാഹരണമായി പറയാവുന്നതാണ് ലേഖനാരംഭത്തിലെ തിരുവചന സാക്ഷ്യം. അതിനൊപ്പം നിൽക്കുന്ന ദൈവാരൂപിയിൽ ശക്തിയാർന്നതാണ് ജപമാലയും.

പരിശുദ്ധ അമ്മയോടൊപ്പം, സ്വർഗ്ഗത്തിലേറി, ദൈവവുമായി സ്നേഹ സല്ലാപം നടത്തുവാൻ ഭൂമിയിലെ മനുഷ്യാത്മാവിനു കഴിയുന്ന അസുലഭ നിമിഷങ്ങൾ ജപമാലപ്രാർത്ഥന നൽകുന്നു എന്നത് ഒരു വസ്തുതയാണ്. ത്രിയേക ദൈവത്തിന്റെ സാന്നിധ്യവും കോടാനുകോടി സ്വർഗ്ഗീയരുടേയും മാലാഖമാരുടേയും കൂട്ടായ്മയിൽ ഉയരുന്ന ദൈവസ്തുതിയുടെ ആനന്ദവും ഇവിടെ നിറയുന്നു!

മനസിലാക്കാൻ പ്രയാസമുള്ള പാണ്ഡിത്യ പ്രഭാവമോ, യുക്തി നിറഞ്ഞ, കാര്യകാരണസഹിതം നിരത്താവുന്ന വിശകലന ചിന്തകളോ ഇവിടെയില്ല. പ്രശസ്തനായ ഒരു ധ്യാനഗുരുവിന്റെ നിർവചനം ഇവിടെ പ്രസക്തമാവുന്നു.''അമ്മയുടെ മടിയിലിരുന്ന് പിതാവിനോടു സംസാരിക്കുന്ന ഒരു പൈതലിന്റേതായ ആനന്ദവും ആശ്വാസവും പ്രത്യാശയും ഉളവാക്കുന്ന അനുഭവം ജപമാലയിലൂടെ കരഗതമാകുന്നു''. വിശുദ്ധപദവിയിലേക്കുയർത്തപ്പെടുന്ന വാ. ചാവറാ പിതാവ് നൽകുന്ന വിശേഷണവും ശ്രദ്ധിക്കുക – ''പരിശുദ്ധ ജപമാല ചരടിൽ കൊരുത്തിട്ട വി. ബൈബിളാണ്.''

എണ്ണമറ്റ അത്ഭുതങ്ങൾ, ജീവിത മാനസാന്തരങ്ങൾ, അപേക്ഷകളുടെ നിവർത്തനങ്ങൾ, വ്യക്തികളേയും രാജ്യങ്ങളേയും നന്മയിലേക്കു നയിക്കുന്ന വ്യതിയാനങ്ങൾ തുടങ്ങി ജപമാല ഭക്തിയുടെ മാദ്ധ്യസ്ഥശക്തി വെളിവാക്കുന്ന, ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുന്ന സാക്ഷ്യാനുഭവങ്ങൾ, നാം എന്നും കാണുന്നു, കേൾക്കുന്നു. അനുഭവങ്ങളിലൂടെ സ്വയം ബോദ്ധ്യപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. പരിശുദ്ധിയുടെ പാരമ്യതയിൽ വാഴുന്ന അമ്മയുടെ ജപമാലയുടെ പ്രത്യേകതകൾ ഓർമ്മയിൽ വയ്ക്കുന്നത് ഉചിതമാണെന്ന വിശ്വാസത്തോടെ താഴെ നൽകുന്നു.

1. യേശു ജീവിതം ധ്യാനവിഷയമാക്കുന്ന പ്രാർത്ഥന
2. പരി.അമ്മയോടു ചേർന്നുള്ള പ്രാർത്ഥന
3. പരിശുദ്ധാത്മ നിറവിനായുള്ള പ്രാർത്ഥന
4. ലോകരക്ഷയ്ക്കും വിമോചനത്തിനുമായുള്ള പ്രാർത്ഥന
5. തിരുവചനങ്ങൾ ചേർത്തുള്ള വചനാഭിഷേക പ്രാർത്ഥന
6. പ്രേഷിത ദൗത്യവും പ്രവാചക ശക്തിയും നൽകുന്ന പ്രാർത്ഥന
7. പിശാചിന്റെ മേൽ അധികാരം നൽകുന്ന പ്രാർത്ഥന
8. അത്ഭുത ദൈവശക്തി പ്രവഹിക്കുന്ന പ്രാർത്ഥന
9. രോഗ ശാന്തികൾ വർഷിക്കുന്ന പ്രാർത്ഥന
10. കോടാനുകോടി മക്കൾക്കുള്ള നിത്യരക്ഷാപ്രാർത്ഥന

വാക്കുകൾക്കതീതമായ നന്മകളും അനുഗ്രഹങ്ങളും, ഈ ലോകജീവിതത്തിൽ വരദാനങ്ങളുടെ സംരക്ഷണവും പ്രദാനം ചെയ്യുന്ന സന്തോഷവും, നിത്യമായ സമാധാനവുമരുളുന്ന ജപമാല സത്യത്തിൽ നമുക്കു ലഭിച്ച അതിരുകളില്ലാത്ത സൗഭാഗ്യമാണ്! വാമൊഴിയിലും വരമൊഴിയിലും ജപമാലയുടെ അപദാനങ്ങൾ വാഴ്ത്താൻ നമുക്കാവില്ല! ഈ വലിയ അനുഗ്രഹത്തിനായി, ദൈവികദാനത്തിനായി പരി. അമ്മയെ വാഴ്ത്താം; നന്ദിയേകി

ദൈവത്തെ സ്തുതിയ്ക്കാം, മുഴുമനസ്സോടെ ആരാധിയ്ക്കാം!

"പരിശുദ്ധമറിയത്തോളം ദൈവത്തെ സ്നേഹിക്കുന്ന ഒരു വിശുദ്ധാത്മാവുമില്ല, അതുപോലെതന്നെ ദൈവം കഴിഞ്ഞാൽ നമ്മെ സ്നേഹിക്കുന്ന വേറെ ഒരാളുമില്ല" (വി. അൽഫോൺസ് ലിഗോരി) "ദൈവം മനുഷ്യനെ സമീപിയ്ക്കാൻ അവലംബിച്ച മാർഗ്ഗം മറിയമാണ്; അതുപോലെ ക്രിസ്തുവിനെ സമീപിയ്ക്കാൻ നാം സ്വീകരിയ്ക്കേണ്ട മാർഗ്ഗവും മറിയം തന്നെയായിരിക്കണം" (വി. ആഗസ്തിനോസ്)

NB: ഈ ലേഖനം തയ്യാറാക്കുന്നതിൽ ജപമാല ശക്തി എന്ന ഗ്രന്ഥത്തോടുള്ള കടപ്പാട് നന്ദിപൂർവ്വം ഓർക്കുന്നു.

---

## ഒക്ടോബർ മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | ആലപ്പാടൻ ജോസഫ് ജെയ്സൻ | 5-10-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | പുത്തൂർ ഐനിക്കൽ വർഗ്ഗീസ് ഭാര്യ ഡോളി | 5-10-14 | 3.15 p.m. |
| സെന്റ് ജോസഫ് | ചക്രംപുള്ളി അന്തോണി ജോസ് | 5-10-14 | 4.00 p.m. |
| ഹോളിക്രോസ് | പൂവ്വത്തിങ്കൽ തോമസ് ജോസഫ് | 5-10-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | ആലപ്പാടൻ ലാസർ ജോസ് | 5-10-14 | 5.30 p.m. |
| സെന്റ് ഗീവർഗ്ഗീസ് | നിലയാറ്റിങ്കൽ കൊച്ചാപ്പു ജോണി | 12-10-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | നായങ്കര ദേവസ്സി ജോൺസൺ | 12-10-14 | 3.15 p.m. |
| സെന്റ് ജോൺ I | കാഞ്ഞിരക്കാടൻ കൊച്ചാപ്പു ജോയ് | 12-10-14 | 4.00 p.m. |
| സെന്റ് ജോൺ II | മാളക്കാരൻ പൗലോസ് ലോനപ്പൻ | 12-10-14 | 4.45 p.m. |
| വാ. മദർ തെരേസ | കൂനൻ മാത്യു വിൻസന്റ് | 12-10-14 | 5.30 p.m. |
| സെന്റ് മേരീസ് I | എരഞ്ഞത്തുപറമ്പിൽ ഔസേപ്പ് ജോൺസൺ | 19-10-14 | 2.30 p.m. |
| സെന്റ് മേരീസ് II | കാഞ്ഞിരക്കാടൻ വറീത് ഡേവിസ് | 19-10-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | തെക്കൂടൻ റപ്പായി ജോണി | 19-10-14 | 4.00 p.m. |
| സെന്റ് റോസ് | കൊരുമ്പേരി പോൾ ജെയിംസ് | 19-10-14 | 4.45 p.m. |
| സെന്റ് സേവിയർ | കുണ്ടുകുളം ദേവസ്സി പ്രിൻസ് | 19-10-14 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം : മത്തായി 5:13-16**

---

**കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി**

**ആൻ ജാക്വലിൻ ജെയ്സൻ**

പന്തലിപ്പാടൻ വീട്,

ഇൻഫന്റ് ജീസസ് യൂണിറ്റ്



**അഭിനന്ദനങ്ങൾ**

# മെയ്ഡ് ഫോർ ഈച്ച് അദർ



**മേരി ജോർജ്ജ് പള്ളിത്തറ**

ഒരിക്കൽ ഈശോയും ശിഷ്യന്മാരും ഒരു ദുർഘടമായ വനത്തിൽ ചെന്നുപെട്ടു. വഴിയറിയാതെ വിഷമിക്കുമ്പോൾ ഒരു ബാലൻ അതുവഴി വന്നു. വഴി പറഞ്ഞുകൊടുക്കാമെന്ന് പറഞ്ഞ് ആ കുസൃതിക്കാരൻ അവരെ വട്ടം കറക്കി പഴയസ്ഥലത്തുതന്നെ കൊണ്ടെത്തിച്ച് ഓടിപ്പോയി. അപ്പോഴാണ് ഒരു ചെറുബാലിക ആടുകളെ മേയിച്ച് അതുവഴി വന്നത്. പത്രോസും കൂട്ടരും അവളുടെ സഹായം തേടി. അവൾ ആട്ടിൻകൂട്ടത്തെ വനത്തിൽതന്നെ നിറുത്തി അവരുടെ മുൻപേ നടന്ന് അവരെ പുറത്തെത്തിച്ചു. സന്തുഷ്ടനായ പത്രോസ് ഈശോയോട് പറഞ്ഞു. ഗുരോ അവൾക്കെന്തെങ്കിലും ഒരു സമ്മാനം കൊടുക്കണ്ടേ? അതെ! അവൾക്കായി ഞാനൊരു സമ്മാനം കരുതിവെച്ചിട്ടുണ്ട്. സമയത്തിന്റെ പൂർണതയിൽ അത് അവളിലെത്തിച്ചേരും. പത്രോസിനും കൂട്ടർക്കും ഒന്നും മനസ്സിലായില്ല. നിങ്ങൾക്ക് ഊഹിക്കാമോ എന്തായിരിക്കും ആ സമ്മാനമെന്ന്? നേരത്തെ അവരെ വഴിതെറ്റിച്ചില്ലേ ഒരു കുസൃതിപ്പയ്യൻ! അവനെയാണ് അവൾക്കുള്ള സമ്മാനമായി ഈശോ കരുതിവെച്ചത്. കഥയിവിടെ നില്ക്കട്ടെ. ഇതല്ലെ അക്ഷരാർത്ഥത്തിൽ ഓരോ ദാമ്പത്യവും. വഴി തെറ്റിക്കുന്നവന് വഴി പറഞ്ഞുകൊടുക്കുന്നവൾ, ഉദാരമതിക്ക് പിശുക്കി, വേഗപ്പോക്കുകാരന് മന്ദഗതിക്കാരി, അലസന് ചുറുചുറുക്കുള്ളവൾ, ഇങ്ങനെപോകുന്നു കാര്യങ്ങൾ.

പ്രിയരെ, ഒരു നിമിഷം നമ്മളിലേയ്ക്കൊന്നു തിരിഞ്ഞുനോക്കിയാൽ ഈ വൈരുദ്ധ്യങ്ങളെ നമ്മിൽത്തന്നെ കണ്ടെത്താം. നമ്മുടെ ജീവിത പങ്കാളിയെ അനാദിമുതൽ ഈശോ നമുക്കായി കരുതിവെച്ച സമ്മാനമായി സ്വീകരിക്കാൻ നമുക്കു കഴിയണം. അപ്പോൾ നമുക്ക് പരസ്പരം സ്വീകരിക്കാൻ, അംഗീകരിക്കാൻ എളുപ്പം കഴിയും. അങ്ങനെ പരസ്പരം സമ്മാനിതരായ രണ്ടുപേർ ഒരുമിച്ച് ജീവിതത്തോണി തുഴയുന്നു. ചിലപ്പോൾ ചെറുകാറ്റിൽ സ്വച്ഛമായി മുന്നോട്ട്, അല്ലെങ്കിൽ ഓളങ്ങളുയരും ചുഴികളിൾപ്പെട്ട് വലയും, തിരമാലകളാഞ്ഞടിക്കും, തോണിമുങ്ങുമോ എന്നാശങ്ക. തുഴ നഷ്ടപ്പെട്ട് ആടിയുലഞ്ഞ് തീരത്തെത്താനാകാതെ ഭയപ്പെടുന്ന നിമിഷങ്ങൾ. അപ്പോഴൊക്കെ നമ്മുടെ ജീവിതനൗകയിൽ സ്വസ്ഥനായുറങ്ങുന്ന ഈശോയെ വിളിച്ചുണർത്താൻ വൈകരുത്. ശിഷ്യന്മാർ നിലവിളിച്ചതുപോലെ അവിടത്തോടു പറയണം. ഞങ്ങളിതാ നശിക്കുന്നു, ഞങ്ങളെ സഹായിക്കണമേയെന്ന്. അടങ്ങുക, ശാന്തമാവുക എന്ന് ആജ്ഞാപിച്ചുകൊണ്ട് ഇളകിമറിഞ്ഞ കടലിനെ ശാന്തമാക്കിയവന് നമ്മുടെ കൊച്ചുജീവിതങ്ങളെ തീർച്ചയായും സഹായിക്കാനാവും.

"എനിക്കുനീയും നിനക്കുഞാനും"



**ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂൾ വെഞ്ചിരിപ്പ് കർമ്മം റവ. ഫാ. ജോസ് മാളിയേക്കൽ നിർവ്വഹിക്കുന്നു.**

# പ്രവേശനോത്സവം

"മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ദൈവാലയത്തിന്റെ മാനേജ്മെന്റിൽ പുതിയതായി ആരംഭിച്ച സർക്കാർ എയ്ഡഡ് ഹോളിക്രോസ് ഹയർ സെക്കന്ററി സ്കൂൾ പ്ലസ്‌വൺ ക്ലാസിന്റെ പ്രവേശനോത്സവം ആഗസ്റ്റ് 27-ാം തിയ്യതി ബുധനാഴ്ച രാവിലെ 9 മണിക്ക് നടത്തപ്പെട്ടു. സ്ക്കൂൾ മാനേജർ റവ.ഫാ.ജോസ് മാളിയേക്കൽ സ്കൂളിന്റെ വെഞ്ചരിപ്പും ഉദ്ഘാടന കർമ്മവും നിർവ്വഹിച്ചു. തദവസരത്തിൽ പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് ശ്രീമതി വി.എ ആനി ടീച്ചർ, ഫാ. ഡേവിഡ് തോട്ടാപ്പള്ളി OFM Cap, പള്ളി ട്രസ്റ്റി ശ്രീ. ജോസ് ചെങ്ങാലൂക്കാരൻ, മദർ സുപ്പീരിയർ റവ.സി. ജീൻമേരി F.C.C, മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി ഡോ.ജോൺസൺ നായങ്കര, ശ്രീമതി എൽസി ടീച്ചർ എന്നിവർ നവാഗതർക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു.

## മതബോധന അർദ്ധ വാർഷിക പരീക്ഷ

ഒക്ടോബർ 12 ഞായർ - STD VIII to XII - 2.00 p.m. to 4.00 p.m.
ഒക്ടോബർ 19 ഞായർ - STD I to VII 2.00 p.m. to 4.00 p.m.

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**L.P. വിഭാഗം**

**ഐറിൻ ഷാജി**

ചേലക്കാട്ടുപറമ്പിൽ വീട്,
സെന്റ് അൽഫോൻസ യൂണിറ്റ്
മതബോധനം I A





**U.P. വിഭാഗം**

**എഡ്‌വിൻ സി. ഡെന്നി**

ചിന്നൻ വീട്,
സെന്റ് ജോർജ് യൂണിറ്റ്
മതബോധനം VI B

# ക്വിസ് മത്സരം

(1) ഗാഗുൽത്താമലയിൽ നിന്ന് വി.കുരിശ് കണ്ടെടുക്കപ്പെട്ട വർഷം? ആരുടെ നേതൃത്വത്തിൽ?

(2) ടൈഗ്രിസ് നദിയുടെ ഇരുകരകളിലുമായി സ്ഥിതി ചെയ്യുന്ന പുരാതന ക്രൈസ്തവ കേന്ദ്രങ്ങൾ?

(3) ആത്മാവിലുള്ള നിങ്ങളുടെ സ്നേഹത്തെക്കുറിച്ച് അവൻ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. ആര്? ആരോട്? ആരെക്കുറിച്ച്?

(4) 1868ൽ വരാപ്പുഴ രൂപതയുടെ മെത്രാൻ ആരായിരുന്നു?

(5) ഓർത്തഡോക്സ് സഭകളുടെ എക്യുമെനിക്കൽ പാത്രീയർക്കീസ് ആരാണ്?

(6) "ഇന്നെന്റെ മകൻ ആദ്യമായി സ്കൂളിൽ വരുന്നു... അവൻ അറിയേണ്ടതെല്ലാം പറഞ്ഞുകൊടുക്കുമോ? കഴിയുമെങ്കിൽ വളരെ മയത്തിൽ" ഒരു പ്രശസ്ത വ്യക്തി മകന്റെ ടീച്ചർക്കെഴുതിയ കത്തിലെ വാചകങ്ങളാണിത്. ആരാണ് ആ വ്യക്തി?

(7) എയ്ന്തോവന് നോബൽ സമ്മാനം ലഭിച്ച വർഷം?

(8) "ആശാനക്ഷരമൊന്നു പിഴച്ചാൽ, അമ്പത്തൊന്നു പിഴക്കും ശിഷ്യന്". ആരുടെ വരികളാണിത്?

(9) "ജീവിതകാലത്ത് ഒരു മുൾച്ചെടി പറിച്ചു കളഞ്ഞവരേയും ഒരു പൂച്ചെടി നട്ടു പിടിപ്പിച്ചവരേയുമാണ് ലോകം ഓർത്തിരിക്കുക" ആരുടെ പ്രസ്താവനയാണിത്?

(10) യേശു പിറന്ന ബത്‌ലഹേമിലെ കാലിത്തൊഴുത്തിന്റെ മറുപേര്?

(11) രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ച വർഷം?

(12) 2003 ഒക്ടോബർ 17ന് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടത് ആര്?

(13) മറ്റെല്ലാ സഭാ പിതാക്കന്മാരേക്കാൾ കൂടുതൽ, വേദപുസ്തകം വ്യാഖ്യാനിക്കാൻ അദ്ദേഹം പ്രാപ്തനായിരുന്നു. റിച്ചാർഡ് സൈമൺ ഇങ്ങിനെ എഴുതിയത് ആരെക്കുറിച്ചാണ്?

(14) ആഞ്ചലോ ജ്യൂസപ്പെ എന്ന മാമ്മോദീസാ പേര് ഏതു വിശുദ്ധന്റെയാണ്?

(15) സിൽക്ക് ലീഫ് കണ്ടുപിടിച്ച ഗവേഷകൻ?

(16) കുടുംബത്തെ "ജീവന്റെ ശ്രീകോവിൽ" എന്നു വിശേഷിപ്പിച്ച പാപ്പ?

(17) കരിയർ ഗ്രാഫ് എന്ന പുസ്തകത്തിന്റെ രചയിതാവ്?

---

അവലംബം : സെപ്തംബർ ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ്ശ്ലീഹ കൊളോസോസുകാർക്കെഴുതിയ ലേഖനം : ഉത്തരങ്ങൾ വെളളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-10-2014.

---

**സെപ്റ്റംബർ ലക്കം ക്വിസ് മത്സര വിജയി : ആൻ ജാക്വലിൻ ജെയ്സൻ**

മത്സരത്തിൽ പങ്കെടുത്ത 11 പേരിൽ 5 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

# സെപ്തംബർ ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) ഡിൻസി ജോൺസൻ, തൊമ്മാന, സെന്റ് മേരീസ് II
(2) ജെന്നി ജെൻസൺ, എരങ്ങത്തുപറമ്പിൽ, സെന്റ് ജോൺ I
(3) ആൻ ജാക്വലിൻ ജെയ്സൻ, പന്തലിപ്പാടൻ, ഇൻഫന്റ് ജീസസ്
4) സ്മിനു ജെൻസൻ, നായങ്കര ചിന്നൻ, ഹോളിക്രോസ്
(5) മേരി ജോസ്, തെക്കേത്തല, സെന്റ് റോസ്

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>തിരുവനന്തപുരം | ചക്രംപുള്ളി<br>TC 11/249,A9 | ആന്റോ + ഗ്രേസി<br>വേണുഗോപാൽ + പത്മിനി | സോന<br>പ്രശാന്ത് | 27 – 08 – 14 |
| പാലയൂർ<br>മാപ്രാണം | ചെറുവത്തൂർ<br>കരിപ്പായി | തോമസ് + കൊച്ചുമേരി<br>ചാക്കോച്ചൻ + എൽസി | നിമിഷ മരിയ<br>ചാൾസ് | 30 – 08 – 14 |
| മാപ്രാണം<br>ചെമ്മണ്ട | കരിപ്പായി<br>കീറ്റിയ്ക്കൽ | ദേവസി +സെലീന<br>വിൻസന്റ് + സെലീന | ജിസ<br>ലിജോ | 31– 08 – 14 |
| മാള<br>മാപ്രാണം | പ്ലാക്കൽ<br>അറയ്ക്കൽ | തോമസ്+ ലൂസി<br>വിൻസന്റ്+ വൽസ | സിയ<br>വിനു | 08 – 09 – 14 |

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | കൊരുമ്പേരി | ചുമ്മാർ+ഷൈനി | അനു (കുഞ്ഞനം) | 18 – 06 – 2014 | 07 – 09 – 14 |
| ചാലക്കുടി | പെരേപ്പാടൻ | ഡാനി + ഫിലു | ദിയ(ട്രീസ) | 19 – 06 – 2014 | 24 – 08 – 14 |
| മാപ്രാണം | കോനേങ്ങാടൻ | ജോൺസൻ + സുബി | നോയൽ (റാഫേൽ) | 08 – 07 – 2014 | 07 – 09 – 14 |
| മാപ്രാണം | മൂലയിൽ | സിൻജു + സോണിയ | ക്രിസ് (വിൻസൻ) | 21 – 07 – 2014 | 15 – 09 – 14 |

# മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ചിറയത്ത് തെക്കൂടൻ പാവുണ്ണി വാറുണ്ണി | 23 – 08 – 2014 | സെന്റ്. സേവിയേഴ്സ് |

"മനുഷ്യത്വത്തിന്റെ പരിപൂർണ്ണതയാണ് ക്രിസ്തീയത" - ഡോ. ജോൺസൺ
"സ്നേഹം എന്ന പാലാഴി കടഞ്ഞാൽ കിട്ടുന്നതാണ് മറ്റെല്ലാഗുണങ്ങളും". - ടാഗോർ
"പ്രകൃതിയെ ഭരിക്കുന്നത് അതിനെ അനുസരിച്ചുകൊണ്ടാണ്". - ബേക്കൺ

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..........................................................................................

വീട്ടുപേര് ..........................................................................................

മതബോധന ക്ലാസ്സ് ............................യൂണിറ്റ്..........................................

-----------------------------------------------------------------------------

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **ഒക്ടോബർ 15**

# നിങ്ങൾക്കറിയാമോ?



ബീന തോമസ് ചേറേങ്ങാടൻ

### വൃക്കയിൽ കല്ലുണ്ടാകുന്നതെന്തുകൊണ്ട്? അറിയാമോ?

നാം സർവ്വസാധാരണമായി കേൾക്കുന്ന ഒരു കാര്യമാണ് വൃക്കയിൽ കല്ല് എന്നുള്ളത്. വൃക്കകളിൽ മാത്രമല്ല, മൂത്രവാഹിനിക്കുഴലുകളിലും പിത്താശയത്തിലും ആഗ്നേയ ഗ്രന്ഥിയിലും ഉമിനീർ ഗ്രന്ഥിയിലും ഗർഭപാത്രത്തിലുമൊക്കെ കല്ലുകൾ രൂപമെടുക്കാം. പല വലിപ്പത്തിലും പല രൂപത്തിലും ഉള്ളവയാകാം ഈ കല്ലുകൾ. വൃക്കകളിലും മൂത്രവസ്തിയിലും ആണ് ഏറ്റവും വലിയ കല്ലുകൾ ഉണ്ടാകുന്നത്. വൃക്കയിലുണ്ടാകുന്ന കല്ലുകൾ രാസഘടനയിൽ വ്യത്യാസം പുലർത്തുന്നവയാണ്. എല്ലാ കല്ലുകളും. ഒരു കേന്ദ്രത്തെ (ന്യൂക്ലിയസ്) ആധാരമാക്കിയായിരിക്കും വളരുന്നത്. ഇവ ജൈവപദാർത്ഥങ്ങളായിരിക്കുകയും ചെയ്യും. ഇവയ്ക്കു ചുറ്റും കാത്സ്യം, മഗ്നീഷ്യം, അമോണിയ എന്നിവയുടെ ഫോസ്ഫേറ്റുകൾ, ഓക്സലേറ്റുകൾ, എന്നിവയോ യൂറിക്ക് അമ്ലമോ അല്ലെങ്കിൽ അവയുടെ ലവണങ്ങളോ പറ്റിപ്പിടിക്കുന്നു. എല്ലാ മനുഷ്യരുടേയും മൂത്രത്തിൽ ഈ പദാർത്ഥങ്ങളെല്ലാമുണ്ടെങ്കിലും ചിലരിൽ മാത്രമാണ് കല്ലുകളുണ്ടാകുന്നത്.

മൂത്രാശയ രോഗങ്ങളുണ്ടാകുന്നവരിൽ നശിപ്പിക്കപ്പെടുന്ന സെല്ലുകളോ ബാക്ടീരിയകളോ ന്യൂക്ലിയസായി മാറി അവയ്ക്കു ചുറ്റും പരലുകൾ രൂപം കൊള്ളുന്നതാണ് പ്രധാനമായ ഒരു കാരണമായി പറയുന്നത്. മൂത്രത്തിൽ മേൽപ്പറഞ്ഞ ലവണങ്ങളുടെ അളവു വർദ്ധിക്കുന്നതും കല്ലുണ്ടാകുന്നതിനു കാരണമായി പറയാറുണ്ട്. മൂത്രത്തിലുള്ള വിവിധതരം ലവണങ്ങൾ പരലുകളാകാതിരിക്കുന്നതിന് മൂത്രത്തിന്റെ $P^H$ (അമ്ലഗുണം, ക്ഷാരഗുണം എന്നിവയെ സൂചിപ്പിക്കുന്ന ഘടകം) ഒരു പ്രധാന ഘടകമാണ്. ചില അവസരങ്ങളിൽ മൂത്രത്തിലുണ്ടാകുന്ന $P^H$ വ്യതിയാനം മേൽപറഞ്ഞ ലവണങ്ങളെ പരൽ രൂപീകരണത്തിനു പ്രേരിപ്പിക്കുന്നു. ഇതിനായി ശരീരത്തിനകത്തുള്ള പ്രോട്ടീനുകളോ, സെല്ലുകളോ പുറത്തുനിന്ന് ശരീരത്തിൽ കടക്കുന്ന ബാക്ടീരിയകളോ ആയ പ്രേരകങ്ങൾ ന്യൂക്ലിയസായി പ്രവർത്തിക്കുകയും ചെയ്യുന്നു.

വൃക്കയിലുണ്ടാകുന്ന കല്ലുകൾ അവയുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ അവ ശസ്ത്രക്രിയ വഴി മാറ്റിക്കഴിഞ്ഞാലും വീണ്ടും കല്ലുണ്ടാകാനുള്ള സാധ്യത തടയേണ്ടതുണ്ട്. കല്ലുകൾ രാസപരിശോധനയ്ക്ക് വിധേയമാക്കി ശരിയായ ചികിത്സയിലൂടെയും ഡോക്ടർ നിർദ്ദേശിക്കുന്ന ഭക്ഷണക്രമത്തിലൂടെയും മൂത്രത്തിൽ $P^H$ അമ്ലമയമോ, ക്ഷാരമയമോ ആക്കി മാറ്റി കല്ലുകൾ രൂപം കൊള്ളാനുള്ള സാധ്യത ഒഴിവാക്കുകയാണ് നാം ചെയ്യേണ്ടത്.















# MAR SLEEVA ASSOCIATION FOR RURAL GUIDENCE (MARG)












































# ബൈബിൾ കലണ്ടർ : ഒക്ടോബർ - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>മത്താ 18:1-5<br>എഫേ 3:14-19 | **2**<br>മത്താ 18:10-14<br>ശ്ലീഹ 12:6-11 | **3**<br>ലൂക്കാ 11:5-13<br>തീത്തോസ് 2:6-10 | **4**<br>മത്താ 11:25-30<br>ഗലാ 6:14-17 |
| **5**<br>മത്താ 18:1-9<br>1 കോറി 14:26-33a<br>നിയ 10:12-20 | **6**<br>മർക്കോ 6:18-29<br>2 തിമോ 2:8-13 | **7**<br>മത്താ 5:13-16<br>2 തിമോ 2:21-26 | **8**<br>ലൂക്കാ 20:20-26<br>ഹെബ്രാ 2:1-4 | **9**<br>യോഹ 5:39-47<br>2 യോഹ 4-11 | **10**<br>ലൂക്കാ 21:7-19<br>2 തിമോ 1:1-7 | **11**<br>ലൂക്കാ 10:17-21<br>2 തിമോ 1:8-14 |
| **12**<br>മത്താ 20:1-16<br>2കോറി 2:12-17<br>നിയ 11:1-9 | **13**<br>ലൂക്കാ 10:38-42<br>തീത്തോ 3:1-7 | **14**<br>ലൂക്കാ 11:14-23<br>ഹെബ്രാ 4:1-11 | **15**<br>യോഹ 14:18-24<br>കൊളോ 2:20-3:4 | **16**<br>യോഹ 10:1-15<br>1 പത്രോ 4:12-19 | **17**<br>ലൂക്കാ 20:27-40<br>1 പത്രോ 3:1-7 | **18**<br>ലൂക്കാ 10:1-9<br>കൊളോ 4:10-15 |
| **19**<br>മത്താ 28:16-20<br>ശ്ലീഹ 22:6-21<br>നിയ 11:26-32 | **20**<br>മത്താ 18:10-14<br>ഹെബ്രാ 10:19-25 | **21**<br>ലൂക്കാ 4:38-44<br>ഗലാ 6:11-18 | **22**<br>ലൂക്കാ 11:37-42<br>ഹെബ്രാ 11:11-22 | **23**<br>മത്താ 25:1-13<br>റോമാ 14:10-13 | **24**<br>ലൂക്കാ 16:1-8<br>ഹെബ്രാ 2:5-9 | **25**<br>ലൂക്കാ 9:18-20<br>ഹെബ്രാ 12:1-11 |
| **26**<br>മത്താ 8:23-34<br>ഗലാ 6:1-10<br>നിയ 13:12-18 | **27**<br>മത്താ 24:3-14<br>ഹെബ്രാ 2:10-18 | **28**<br>യോഹ 15:18-25<br>എഫേ 6:10-17<br>പുറ 15:11-13 | **29**<br>മത്താ 25:14-30<br>1 കോറി 15:35-41 | **30**<br>ലൂക്കാ 9:46-48<br>ഹെബ്രാ 4:12-13 | **31**<br>മത്താ 16:5-12<br>ഹെബ്രാ 10:11-18 | |